# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി1/195/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി1/195/2022 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജീവ്.ആർ. | ഡെപ്യൂട്ടി ഡയറക്ടർ. | 07-02-2022 | 17-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 17-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീദേവി.പി, ഓഡിറ്റ് ഓഫീസർ.
ശ്രീ. പുഷ്പരാജ്. വി.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീമതി.രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ. സിജി ജോൺ, ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.ആർ.ഹരിക്കുട്ടൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ഗീതാകുമാരി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എലിസബത്ത്.സി.എക്സ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി.പ്രസീജ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ശ്രീമതി.ആശാ.എ.നായർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ലക്ഷ്മി മോഹൻ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.മന്മോഹൻ.എസ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ജയിംസ്.പി.ജോയി | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.ജിയോ.എ.ജി | വെറ്റിനറി സർജൻ | 01-04-2019 | 15-08-2019 |
| ഡോ.ഇ.വി.ബാലഗോപാൽ | വെറ്റിനറി സർജൻ | 15-08-2019 | 23-09-2019 |
| ഡോ.ഷറഫുദ്ദീൻ.സി.എം | വെറ്റിനറി സർജൻ | 24-09-2019 | 31-03-2020 |
| ശ്രീ.ശോഭന.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ജിബി.എം.എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 07-06-2019 |
| ശ്രീ.വാമനൻ | ഹെഡ്മാസ്റ്റർ | 07-06-2019 | 31-03-2020 |
| ശ്രീമതി.പ്രവീണ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 25-04-2019 |
| | | 03-07-2019 | 31-03-2020 |
| ശ്രീ.അക്ബർ ഷാ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 26-04-2019 | 03-07-2019 |
| ശ്രീമതി.പൊന്നമ്മ കെ. ജെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.കെ.വി.സതീശൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-05-2019 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2019 | 23-07-2019 |
| ശ്രീമതി.ജയശ്രീ നായിക്.പി | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീമതി.ദീപ.ആർ | വി.ഇ.ഒ-തിരുനല്ലൂർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ശ്രീദേവി.ആർ.പൈ | വി.ഇ.ഒ-ഒറ്റപ്പന്ന | 01-04-2019 | 17-05-2019 |
| വേക്കന്റ് | വി.ഇ.ഒ-ഒറ്റപ്പന്ന | 18-05-2019 | 21-05-2019 |
| ശ്രീമതി.രാജേശ്വരി.പി | വി.ഇ.ഒ-ഒറ്റപ്പന്ന | 22-05-2019 | 04-01-2020 |
| വേക്കന്റ് | വി.ഇ.ഒ-ഒറ്റപ്പന്ന | 05-01-2020 | 16-01-2020 |
| ശ്രീ.പ്രതീഷ്,പി | വി.ഇ.ഒ-ഒറ്റപ്പന്ന | 17-01-2020 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pushparaj V.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-1 |
| 2 | ബജറ്റിലെ ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 16-02-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക- ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-03-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Pushparaj V.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Preetha (Auditor, On 26-03-2022) | 1-3 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Pushparaj V.K (Asst. Audit Officer, On 12-02-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 23-03-2022) | 1-4 |
| 7 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Pushparaj V.K (Asst. Audit Officer, On 12-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 16-02-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Pushparaj V.K (Asst. Audit Officer, On 16-02-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 23-03-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 23-03-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Siji (Auditor, On 18-02-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sreedevi (Audit Officer, On 17-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 18-02-2022) | 1-9 |
| 13 | ഡി & ഒ ലൈസൻസ് അപേക്ഷ - കെട്ടിടം സംബന്ധിച്ച വിവരങ്ങളും സഞ്ചയയിലെ വിവരങ്ങളും തമ്മിൽ യോജിക്കുന്നില്ല<br>Written By: Renju Prakash (Senior Grade Auditor, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-03-2022) | 1-10 |
| 14 | വസ്തു നികുതി -ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു<br>Written By: Renju Prakash (Senior Grade Auditor, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-03-2022) | 1-11 |
| 15 | വസ്തു നികുതി നിർണയം - കെട്ടിടത്തിന് ബാധകമല്ലാത്ത ഇളവ് നല്കി-അടിസ്ഥാന വസ്തു നികുതിയിൽ കുറവ്<br>Written By: Renju Prakash (Senior Grade Auditor, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-03-2022) | 1-12 |
| 16 | വസ്തുനികുതി ഒഴിവാക്കൽ<br>Written By: Renju Prakash (Senior Grade Auditor, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-03-2022) | 1-13 |

| | | |
|---|---|---|
| 17 | പണം അടവാക്കൽ - പിൻവലിക്കൽ - അപാകതകൾ<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Siji (Auditor, On 25-03-2022) | 1-14 |
| 18 | കൃഷി ഭവൻ - രസീത് പിരിവിലെ അപാകതകൾ<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-03-2022) | 1-15 |
| 19 | ലൈസൻസ് ഫീ കുറവായി ഈടാക്കിയത്<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-16 |
| 20 | ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-17 |
| 21 | മോട്ടോർ റണ്ണിംഗ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു.<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1- 18 |
| 22 | അഡ്വക്കേറ്റ് ഫീ - നികുതി ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-19 |
| 23 | വ്യവസായത്തിനുള്ളവ - കൈത്തറി ഷെഡ് , കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി നിർണയിച്ച കെട്ടിടത്തിന് ഭവന പുനരുദ്ധാരണത്തിനുള്ള ധന സഹായം നല്കി<br>Written By: Renju Prakash (Senior Grade Auditor, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-20 |
| 24 | ഭവന പുനരുദ്ധാരണം (എസ് . സി )- അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-21 |
| 25 | ഭവന പുനരുദ്ധാരണം(ജനറൽ) - അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-22 |
| 26 | യോഗാ പരിശീലനം - രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-23 |
| 27 | സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ-രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-03-2022) | 1-24 |
| 28 | വാഹനങ്ങൾക്ക് ഇന്ധനം- ഉത്തരവിലെ ഉൾപ്പെടാത്ത ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു<br>Written By: Renju Prakash (Senior Grade Auditor, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1- 25 |
| 29 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിലെ പഞ്ചായത്ത് വിഹിതം- ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-26 |
| 30 | ജി.ഒ പ്രോജക്ട് ആവിഷ്കരിക്കാതിരുന്നത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-03-2022) | 1-27 |
| 31 | പത്രപ്പരസ്യം - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-28 |
| 32 | കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം- ഫൈൻ ഈടാക്കിയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-03-2022) | 1- 29 |

| | | |
|---|---|---|
| 33 | വൗച്ചർ പരിശോധന - പൊതു അപാകതകൾ<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-03-2022) | 1- 30 |
| 34 | ഐ.കെ.എം. വിഹിതം നൽകൽ(പ്രോജക്ട് നമ്പർ - S0001/20)-തുക തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-31 |
| 35 | ഭൂമി വിട്ടുനല്കുന്നതിനായുള്ള അപേക്ഷ- തുടർനടപടി സ്വീകരിക്കാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 17-02-2022)<br>Last Updated By: Siji (Auditor, On 18-02-2022) | 1-32 |
| 36 | ടോയ്‌ലെറ്റ് കോംപ്ലക്സ് ക്ലീനിംങ് - അധിക നിരക്ക് നല്കുന്നത് സംബന്ധിച്ച്<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Siji (Auditor, On 18-02-2022) | 1-33 |
| 37 | ബാരൽ വില ഈടാക്കിയില്ല- പഞ്ചായത്തിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 17-02-2022)<br>Last Updated By: Siji (Auditor, On 18-02-2022) | 1-34 |
| 38 | ഓഡിറ്റ് ഇംപാക്ട് - രസീത് പിരിവിലെ അപാകതകൾ - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് തുക അടവാക്കി.<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 18-02-2022) | 1-35 |
| | **ഭാഗം 2** | |
| 1 | വസ്തു നികുതി നിർണയം - കെട്ടിടത്തിന് ബാധകമല്ലാത്ത ഇളവ് നല്കി- അടിസ്ഥാന വസ്തു നികുതിയിൽ കുറവ്<br>Written By: Renju Prakash (Senior Grade Auditor, On 25-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 2-1 |
| 2 | ഡി. & ഒ. ലൈസൻസ് ഫീ കുറവ് ഈടാക്കി.<br>Written By: P. Sreedevi (Audit Officer, On 18-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 2-2 |
| 3 | മോട്ടോർ റണ്ണിംഗ് ഫീ കുറവ് ഈടാക്കി.<br>Written By: P. Sreedevi (Audit Officer, On 18-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 2-3 |
| | **ഭാഗം 3** | |
| 1 | വ്യവസായത്തിനുള്ളവ - കൈത്തറി ഷെഡ് , കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി നിർണയിച്ച കെട്ടിടത്തിന് ഭവന പുനരുദ്ധാരണത്തിനുള്ള ധന സഹായം നല്കി<br>Written By: Renju Prakash (Senior Grade Auditor, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 23-03-2022) | 3-1 |
| 2 | ഭവന പുനരുദ്ധാരണം (എസ് . സി )- ഉത്തരവ് പാലിക്കാതെ തുക നല്കി- നിരാകരിക്കുന്നു<br>Written By: Renju Prakash (Senior Grade Auditor, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 23-03-2022) | 3-2 |
| 3 | ഭവന പുനരുദ്ധാരണം(ജനറൽ)<br>Written By: Renju Prakash (Senior Grade Auditor, On 17-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 19-02-2022) | 3-3 |
| 4 | വാഹനങ്ങൾക്ക് ഇന്ധനം- ഉത്തരവിലെ ഉൾപ്പെടാത്ത ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു<br>Written By: P. Sreedevi (Audit Officer, On 18-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 19-02-2022) | 3-4 |
| 5 | ടോയ്‌ലെറ്റ് കോപ്ലക്സ് ക്ലീൻ ചെയ്യുന്നതിന് അധികം തുക നൽകി. | 3-5 |

| | | |
|---|---|---|
| | Written By: P. Sreedevi (Audit Officer, On 18-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | |
| 6 | ബാരൽ വില ഈടാക്കിയില്ല- പഞ്ചായത്തിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 17-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 3-6 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 19-02-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 19-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Siji (Auditor, On 16-02-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Siji (Auditor, On 16-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Siji (Auditor, On 16-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 16-02-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Siji (Auditor, On 16-02-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Siji (Auditor, On 16-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Siji (Auditor, On 16-02-2022)<br>Last Updated By: Siji (Auditor, On 16-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 21.02.2019തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 219532310 | 225451529 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റീച്ചർ പത്രിക) | 144821722 | 141904129 |

### 1-1-1 ബജറ്റിലെ ന്യൂനതകൾ

2019-20 വർഷത്തെ ബജറ്റ് 21.02.2019തീയതിയിലെ 1/1-ാം നമ്പർ തീരുമാന പ്രകാരം പാസാക്കിയിട്ടുണ്ട്. 12.3.2020ലെ 1/2-ാം നമ്പർ തീരുമാനപ്രകരാം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3.ബജറ്റിൽ തുക വകയിരുത്താതെ /വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് നടത്തി ചെലവ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(6), ബജറ്റ് മാന്വലിലെ ഖണ്ഡിക 4.1 എന്നിവ അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും/മതിയായ തുക ഉൾപ്പെടുത്താത്തതുമായ ഇനങ്ങൾക്ക് തുക ചെലവഴിച്ചതായി കണ്ടു.

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2501017 | കൃഷിയും അനുബന്ധ മേഖലകളും-പുഷ്പകൃഷി | -- | 23529 | തുക വകയിരുത്തിയിട്ടില്ല |
| 2 | 2502001 | മണ്ണ് ജല സംരക്ഷണം | -- | 307448 | തുക വകയിരുത്തിയിട്ടില്ല |
| 3 | 2503002 | കൈത്തൊഴിൽ സംരംഭങ്ങൾ | -- | 18966 | തുക വകയിരുത്തിയിട്ടില്ല |
| 4 | 2503003 | കൈത്തറി വ്യവസായം | -- | 5286 | തുക വകയിരുത്തിയിട്ടില്ല |
| 5 | 2503015 | സേവന സംരംഭങ്ങൾ | -- | 46800 | തുക വകയിരുത്തിയിട്ടില്ല |
| 6 | 2512001 | ഹെൽത്ത് സെന്ററുകൾ/ ആശുപത്രികൾ/ ഡിസ്പെൻസറികൾ | -- | 193009 | തുക വകയിരുത്തിയിട്ടില്ല |
| 7 | 2512003 | പ്രത്യേക ആരോഗ്യപരിപാടി | 220000 | 320000 | വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് |
| 8 | 2512026 | പൊതുശുചിത്വം -മാലിന്യ പരിപാലനം | -- | 364370 | തുക വകയിരുത്തിയിട്ടില്ല |
| 9 | 2513004 | വൈദ്യുതീകരണം | -- | 136192 | തുക വകയിരുത്തിയിട്ടില്ല |
| 10 | 2513015 | ഭവനം/ഭവന വൈദ്യുതീകരണം ലോൺ തിരിച്ചടവ് | -- | 27780791 | തുക വകയിരുത്തിയിട്ടില്ല |
| 11 | 2513016 | ബഡ്സ് റീഹാബിലിറ്റേഷൻ | -- | 524340 | തുക വകയിരുത്തിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | ഫെസിലിറ്റേഷൻ സെന്റർ | | | |
| 12 | 2514202 | അംഗൻവാടി അനുബന്ധ സൌകര്യങ്ങൾ | 150000 | 618000 | വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് |
| 13 | 2521002 | മറ്റ് വൈദ്യുതീകരണ പ്രവർത്തനങ്ങൾ | -- | 1188 | തുക വകയിരുത്തിയിട്ടില്ല |
| 14 | 2522012 | പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ | -- | 25350 | തുക വകയിരുത്തിയിട്ടില്ല |
| 15 | 2531001 | കുടിവെള്ളം-അനുബന്ധ പ്രോജക്കുകൾ | 350000 | 2682000 | വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് |
| 16 | 2531006 | ആശ്രയ പദ്ധതി | -- | 596541 | തുക വകയിരുത്തിയിട്ടില്ല |
| 17 | 2603001 | ഗ്രാന്റ് കോണ്ട്രിബ്യൂഷൻസ് ഫ്രം ഓൺ ഫണ്ട്-കോമ്പൻസേഷൻസ് | -- | 167825 | തുക വകയിരുത്തിയിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/16.02.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 10.06.2020 |

## 1-2-1 വാർഷിക ധനകാര്യ പത്രിക- ന്യൂനതകൾ

1.ADCB Ottapunna (450230101) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Deposited But Not Collected എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ചെക്കുകൾ കാലാവധി(3 മാസം) കഴിഞ്ഞതാണെന്ന് കാണുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 586129/30.12.2019 | 23904 |
| 135996/30.03.2019 | 6352 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിനായി തൻവർഷം പഞ്ചായത്തിൽ ആകെ 651840/-രൂപ പിൻവലിച്ചിരുന്നു. ഈ തുകയിൽ വിതരണം ചെയ്യാതെ അവശേഷിച്ച 80160/-രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. ഇത് കഴിച്ച് പഞ്ചായത്തിന് ഈയിനത്തിൽ തൻവർഷം ചെലവു വന്ന തുക 571680/-രൂപ മാത്രമാണ്. എന്നാൽ ഇൻകം & എക്സ്പൻറീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം ഈയിനത്തിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നതും ഷെഡ്യൂൾ I-14(d) പ്രകാരം ചെലവ് രേഖപ്പെടുത്തിയിരിക്കുന്നതും 651840/-രൂപയാണ്.

3.വികസന ഫണ്ട് ജനറൽ ഇനത്തിൽ തൻവർഷം സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ ആകെ 18782878/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ താഴപ്പറയുന്ന സോഴ്സ് ഡിഡക്ഷൻ തുകകൾക്ക് ജി.ഒ പ്രോജക്ട് ആവിഷ്കരിക്കാതിരുന്നതിനാൽ ടി തുകകൾ നഗരസഭയുടെ എക്സ്പൻറീച്ചർ സ്റ്റേറ്റ്മെന്റിലൊ ഇൻകം & എക്സ്പൻറീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 ലൊ ഉൾപ്പെട്ടു വന്നിട്ടില്ല.

| ഇനം | തുക |
|---|---|
| ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ് | 2169118 |
| 2018-19-ൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുക | 657000 |
| ആകെ | 2826118 |

4. വികസന ഫണ്ട് (എസ്.സി.പി) ഇനത്തിൽ തൻവർഷം സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ ആകെ 7409902/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ താഴപ്പറയുന്ന സോഴ്സ് ഡിഡക്ഷൻ തുകക്ക് ജി.ഒ പ്രോജക്ട് ആവിഷ്കരിക്കാതിരുന്നതിനാൽ ടി തുകകൾ നഗരസഭയുടെ എക്സ്പൻറീച്ചർ സ്റ്റേറ്റ്മെന്റിലൊ ഇൻകം & എക്സ്പൻറീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 ലൊ ഉൾപ്പെട്ടു വന്നിട്ടില്ല.

| ഇനം | തുക |
|---|---|
| ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ് | 132353 |

5.വികസന ഫണ്ട് (ടി.എസ്.പി) ഇനത്തിൽ തൻവർഷം സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ ആകെ 111300/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ താഴപ്പറയുന്ന സോഴ്സ് ഡിഡക്ഷൻ തുകക്ക് ജി.ഒ പ്രോജക്ട് ആവിഷ്കരിക്കാതിരുന്നതിനാൽ ടി തുകകൾ നഗരസഭയുടെ എക്സ്പൻറീച്ചർ സ്റ്റേറ്റ്മെന്റിലൊ ഇൻകം & എക്സ്പൻറീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 ലൊ ഉൾപ്പെട്ടു വന്നിട്ടില്ല.

| ഇനം | തുക |
|---|---|
| ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ് | 29412 |

6.വികസന ഫണ്ടിൽ നിന്നും ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിനത്തിൽ സോഴ്സ് ഡിഡക്ഷനിലൂടെ തുകകൾ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ തുകകൾക്ക് ജി.ഒ പ്രോജക്ട് ആവിഷ്കരിക്കാതിരുന്നത് മൂലം ഈ ചെലവുകൾ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടാതെ വരികയും വായ്പാ തിരിച്ചടവ് , വായ്പായിനത്തിലുള്ള നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെടുകയും ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിവിധ അലോട്ട്മെന്റുകളിൽ നിന്നും ലൈഫ് വായ്പാ തിരിച്ചടവിനത്തിൽ ഈടാക്കിയ തുക

| അലോട്ട്മെന്റ് ലെറ്റർ നം | വികസന ഫണ്ടിൽ നിന്നും ഈടാക്കിയ തുക | | | |
|---|---|---|---|---|
| | ജനറൽ | എസ്.സി.പി | ടി.എസ്.പി | ആകെ |
| ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീ.01.08.2019 | 2169118 | 132353 | 14706 | 2316177 |
| ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീ.21.12.2019 | 2169117 | 132353 | 14706 | 2316176 |
| ആകെ | 4338235 | 264706 | 29412 | 4632353 |

മേൽ പ്രകാരം ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിനത്തിൽ ആകെ 4632353/-രൂപ സോഴ്സിൽ നിന്നും ഡിഡക്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് I-14(a) പ്രകാരം വായ്പാ തിരിച്ചടവിനത്തിൽ ആകെ 2301470/-രൂപ മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളു. കൂടാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം സെക്വേഡ് ലോൺ ഇനത്തിൽ 67434395/-രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ 65103512/-രൂപ മാത്രമാണ് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 58615865 | 58615865 |
| തൻവർഷം ലഭിച്ച തുക | 11120000 | 11120000 |
| ആകെ | 69735865 | 69735865 |
| തിരിച്ചടച്ച തുക | 2301470 | 4632353 |
| നീക്കിബാക്കി | 67434395 | 65103512 |

7. പൈപ്പ് ലൈൻ താഴ്ത്തി സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 72000/-രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവർത്തി പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഈ തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ ഉൾപ്പെട്ടു വന്നിട്ടില്ല.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3 തീ.10.02.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18299830 |
| വരവ് | 106947025 |
| ആകെ | 125246855 |
| ചെലവ് | 110056142 |
| നീക്കിയിരിപ്പ് | 15190713 |
| വരവിനങ്ങളിലെ നഷ്ടം | 14890 |
| ചെലവിനങ്ങളിലെ നഷ്ടം | 1062060 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1270681 |

## 1-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി/ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 18453765 | 18453765 | 4995235 | 13787643 | 4666122 |
| വികസന ഫണ്ട് (എസ്.സി.പി.) | | 9499294 | 9499294 | 264706 | 7145196 | 2354098 |
| വികസന ഫണ്ട് | | 240588 | 240588 | 29412 | 158700 | 81888 |

| | | | | | | |
|---|---|---|---|---|---|---|
| (റ്റി.എസ്.പി) | | | | | | |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 4438000 | 4438000 | -- | 1284933 | 3153067 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 5081000 | 5081000 | -- | 2846745 | 2234255 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 13416307 | 13416307 | -- | 6720483 | 6695824 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (4995235/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് സോഴ്സ് ഡിഡക്ഷനിൽ ഉൾപ്പെട്ട 2169117/-രൂപ കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 18453765 | 18453765 | 15956760 | 2497005 |
| യഥാർത്ഥ തുക | 0 | 23449000 | 23449000 | 18782878 | 4666122 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (264706/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് സോഴ്സ് ഡിഡക്ഷനിൽ ഉൾപ്പെട്ട 132353/-രൂപ കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 9499294 | 9499294 | 7277549 | 2221745 |
| യഥാർത്ഥ തുക | 0 | 9764000 | 9764000 | 7409902 | 2354098 |

3.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് റ്റി.എസ്.പി വരവ്, ചെലവ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (29412/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, ചെലവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 240588 | 240588 | 158700 | 81888 |
| യഥാർത്ഥ തുക | 0 | 270000 | 270000 | 188112 | 81888 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 292563524 | 138 | 80877124 | | 78 | 63.89% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4361 | 1150714 | 1155075 | 1155075 | 0 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27584925 | 27584925 | 27584925 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 571680 | 491 |
| കർഷകതൊഴിലാളി പെൻഷൻ | 1693200 | 334 |
| വിധവാപെൻഷൻ | 4643400 | 867 |
| വാർദ്ധക്യകാലപെൻഷൻ | 13879200 | 2923 |
| വികലാംഗപെൻഷൻ | 2408200 | 425 |
| അവിവാഹിത പെൻഷൻ | 417000 | 73 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.02.2022, 3.30ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6618/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം സംബന്ധിച്ച പരിശോധനയിൽ ബോധ്യപ്പെട്ട വിവരങ്ങൾ താഴെ കൊടുക്കുന്നു.
ഗ്രാമപഞ്ചായത്തിലെ ദൈനംദിനപ്രവർത്തനങ്ങൾ സുതാര്യവും ജനകീയവും ആക്കി മാറ്റുന്നതിനായി 02.07.09 ലെ, തദ്ദേശസ്വയംഭരണവകുപ്പിന്റെ 123/09 നം. ഉത്തരവു പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം സ്ഥാപനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.
ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണ് എന്നിരുന്നാലും പഞ്ചായത്തിലെ തൻവർഷത്തെ തനതുവരവ് പൂർണ്ണമായും ഈടാക്കുവാൻ സാധിച്ചിട്ടില്ല. വാസഗൃഹങ്ങൾ, മറ്റു കെട്ടിടങ്ങൾ എന്നിവയുടെ തൻവർഷത്തെ വസ്തുനികുതി, കുടിശ്ശിക വസ്തുനികുതി എന്നിവ, ബസ് സ്റ്റാൻഡിൽ നിന്നുള്ള വരവ് തുടങ്ങിയവ പൂർണ്ണമായി ഈടാക്കിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. 31.03.19 വരെയുള്ള വിവരങ്ങൾ മാത്രമാണ് ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. റോഡ് രജിസ്റ്റർ, റോഡ് കൺക്ലിവിറ്റി രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.
ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കിയതിനു ശേഷം പദ്ധതികളുടെ നിർവ്വഹണത്തിലുടനീളം ശ്രദ്ധചെലുത്തേണ്ടതും മോണിട്ടറിംഗ് കമ്മിറ്റികൾ എന്ന നിലയിൽ പ്രവർത്തിക്കേണ്ടതുമാണ്. എന്നാൽ പദ്ധതിഫയലുകൾ പരിശോധിച്ചതിൽ നിന്നും ഇപ്രകാരം പദ്ധതിനടത്തിപ്പുകൾ അവലോകനം ചെയ്തതിന്റേയോ മോണിട്ടറിംഗ് നടത്തിയതിന്റേയോ രേഖകൾ സൂക്ഷിച്ചിട്ടില്ല എന്നു കാണുന്നു. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-10 ഡി & ഒ ലൈസൻസ് അപേക്ഷ - കെട്ടിടം സംബന്ധിച്ച വിവരങ്ങളും സഞ്ചയയിലെ വിവരങ്ങളും തമ്മിൽ യോജിക്കുന്നില്ല

ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളിലെ ലൈസൻസ് ആവശ്യമായ കെട്ടിടത്തിന്റെ വിവരങ്ങളും സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ലൈസൻസിന് അപേക്ഷിച്ച ആളുടെ പേര് | കെട്ടിടയുടമയുടെ പേര് | കെട്ടിട നം. | അപാകത |
|---|---|---|---|
| സിന്ധുമോൾ, ഇരവിമംഗലം സി എം സി-9 ചേർത്തല | റ്റി കെ ഉപേന്ദ്രൻ അംബികാ സദനം തിരുനെല്ലൂർ പി ഒ | XII / 36 | 167എം2 വിസ്തീർണ്ണമുള്ള ടി കെട്ടിടം ഉപയോഗക്രമം വാണിജ്യാവശ്യത്തിന് പ്രവർക്കുന്ന 100m2 ന് താഴെയുള്ള ഹോട്ടൽ , റസ്റ്റോറന്റ്,ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | ചേർത്തല | | |
| ബിന്ദു മോൾ റ്റി<br>രാകേന്ദു<br>കെ ആർ പുരം പി ഒ | രാജീവ് പി ജെ<br>രാകേന്ദു<br>കെ ആർ പുരം പി ഒ | VIII / 56 | 105 എം2 വിസ്തീർമ്ണമുള്ള ടി കെട്ടിടം ഉപയോഗക്രമം പാർപ്പിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. |
| വി കെ സുനിൽ കുമാർ<br>വലിയവീട്ടിൽ<br>പള്ളിപ്പുറം പി ഒ | രമാ നായർ<br>ചിറ്റാത്ത് പറമ്പ്<br>പള്ളിപ്പുറം | VI / 487 | 129 എം2 വിസ്തീർമ്ണമുള്ള ടി കെട്ടിടം ഉപയോഗക്രമം പാർപ്പിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. |
| അമൽ എ<br>അമൽ ഗാർഡൻസ്<br>തിരുനെല്ലൂർ പി ഒ<br>ചേർത്തല | അപ്പച്ചൻ ആർ<br>അമൽ ഗാർഡൻസ്<br>തിരുനെല്ലൂർ പി ഒ<br>ചേർത്തല | XII / 4 | 253 എം2 വിസ്തീർണ്ണമുള്ള ടി കെട്ടിടം ഉപയോഗക്രമം വാണിജ്യാവശ്യത്തിന് പ്രവർക്കുന്ന 100m2 ന് താഴെയുള്ള ഹോട്ടൽ , റസ്റ്റോറന്റ്,ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. |
| ഗോപകുമാർ സി<br>തൃക്കാർത്തിക<br>പള്ളിപ്പുറം പി ഒ | ഗോപകുമാർ സി<br>തൃക്കാർത്തിക<br>പള്ളിപ്പുറം പി ഒ | VI / 37A | ഡി ആന്റ് ഒ അപേക്ഷയിൽ ബേക്കറി ആന്റ് കാറ്ററിംഗ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയയിൽ ടി കെട്ടിടം 3എം2വിസ്തീർണ്ണമുള്ള വ്യാവസായികാവശ്യത്തിനുള്ളവ – കൈത്തറി ,കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നിർണയിച്ചിട്ടുള്ളത്. |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25 തീയതി- 17.02.2022 )മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ ഫാറം -6 ൽ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-11 വസ്തു നികുതി -ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു

100എം2 -ന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ ഗണത്തിൽ ഉൾപ്പെടുത്തേണ്ട താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളെ കെട്ടിടത്തെ 100 ചതുരശ്രമീറ്റർ വരെയുള്ള തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ ,റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് .

| കെട്ടിട ഉടമയുടെ പേരും മേൽവിലാസവും | വാർഡ്/ കെട്ടിട നം. | തറ വിസ്തീർണ്ണം ($M^2$) |
|---|---|---|
| ബ്ലോസം<br>പുതിയേടത്ത്<br>തിരുനെല്ലൂർ പി ഒ<br>പള്ളിപ്പുറം | 8/1 A | 24.96m2 |
| | 8/1 B | 39.7m2 |
| | 8/1 C | 13.71 M2 |
| | 8/1 D | 37.23 M2 |
| | 8/1 E | 31.62m2 |
| | ആകെ | 147.22m2 |

| | | |
|---|---|---|
| ജോസഫ് & ത്രേസ്യ, ഉണ്ണിയേഴത്ത് തില്ലനെല്ലൂർ പി ഒ | X/77A | 41m2 |
| | X/77B | 13m2 |
| | X/77C | 36.67m2 |
| | X/77D | 13m2 |
| | X/77E | 13m2 |
| | X/77F | 11.7m2 |
| ആകെ | | 128.37m2 |
| പി .എം . മാത്യു, പുത്തൻവെളിയിൽ | IX/ 33A | 49m2 |
| | IX/ 33B | 39m2 |
| | IX/ 33C | 12m2 |
| | IX/ 33D | 51.4 |
| ആകെ | | 151.4 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25 തീയതി- 17.02.2022 )മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് ഓരോ കെട്ടിടത്തിന്റേയും വിവരങ്ങൾ ഫാറം -6 ൽ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-12 വസ്തു നികുതി നിർണയം - കെട്ടിടത്തിന് ബാധകമല്ലാത്ത ഇളവ് നല്കി-അടിസ്ഥാന വസ്തു നികുതിയിൽ കുറവ്

താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതികൾ നിർണ്ണയിച്ചതിലെ അപാകത മൂലം പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിടയുടമയുടെ പേര് | കെട്ടിട നം. | അപാകത |
|---|---|---|
| അനീഷ് എം വി, നീലിമ അപ്പുക്കുട്ടൻ , മാവുങ്കൽ | IX / 390 A | ടി കെട്ടിടങ്ങൾ പഞ്ചായത്തിന്റെ പ്രഥമ മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. IX / 390 A എന്ന കെട്ടിടം മാത്രമാണ് പ്രഥമ മേഖല എന്ന് രേഖപ്പെടുത്തി നിർണയിച്ചിട്ടുള്ളത്. പാർപ്പിടാവശ്യത്തിന് നിർണയിച്ച IX / 390 B ( 158 . 32എം2 ), സ്വകാര്യ ഹോംസ്റ്റേ എന്ന് രേഖപ്പെടുത്തി നിർണയിച്ച IX / 390 C ( 117 .32 എം2 ) കെട്ടിടങ്ങൾ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതിയിൽ 10% ഇളവ് നല്കി. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 25 തീയതി-17.02.2022) ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ,ടി കെട്ടിടങ്ങൾക്ക് നല്കിയ ഇളവ് (മേഖലാടിസ്ഥാനത്തിൽ) തുകകളായ 96 രൂപ (നം.IX / 390 B എന്ന കെട്ടിടത്തിന് ബാധകമായത്), 704/-രൂപ (നം.IX / 390 C എന്ന കെട്ടിടത്തിന് ബാധകമായത്) എന്നീ തുകകൾ ചേർത്ത് 800/- രൂപ തിരികെ ഈടാക്കേണ്ടതാണ്. |
| | IX / 390 B | |
| | IX / 390 C | |

## 1-13 വസ്തുനികുതി ഒഴിവാക്കൽ

സർക്കാർ ഉത്തരവ് (എം.എസ് ) നമ്പർ 144/2015 / തസ്വഭവ തീ.27/04/2015 പ്രകാരം 2015-16 മുതൽ 660 ച.മീറ്റർ വരെ വിസ്തൃതിയുള്ള വാസഗൃഹ കെട്ടിടങ്ങളെ 2015-16 മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രോപ്പർട്ടി ടാക്സ് സോഫ്റ്റ്വെറിൽ ഉൾപ്പെടുത്തിയ ചില കെട്ടിടങ്ങളെ നികുതി ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.വിശദ വിവരം താഴെ കൊടുക്കുന്നു. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25, തീയതി- 16.02.2022) മറുപടി ലഭ്യമാക്കിയില്ല. ചട്ടം 235 പ്രകാരമുള്ള ഒഴിവാക്കലുകളിൽ ഉൾപ്പെടാത്ത കെട്ടിങ്ങൾക്ക് നല്കിയ നികുതി ഇളവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല. നികുതി നിശ്ചയിച്ച് ഈടാക്കേണ്ടതാണ്. ഫാറം 6 ന്റെ പകർപ്പ് ,ഈടാക്കിയ തുകയുടെ രസീതിന്റെ പകർപ്പ് എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | തറവിസ്തൃതി |
|---|---|---|
| ഡയറക്ടർ, ഐ .എച്ച്. ആർ. ഡി , തിരുവനന്തപുരം | VII/ 514 | 1690എം2 |
| മാനേജിംഗ് ഡയറക്ടർ, കെ സി സി എൽ | XIV / 257 | 63 എം2 |
| ദാമോദരപ്പണിക്കർ, സുഭദ്രക്കുട്ടിയമ്മ മുതൽപേർ | XIV/ 500C | 12എം2 |
| ദാമോദരപ്പണിക്കർ, സുഭദ്രക്കുട്ടിയമ്മ മുതൽ പേര് | XIV / 500D | 12 എം2 |

## 1-14 പണം അടവാക്കൽ - പിൻവലിക്കൽ - അപാകതകൾ

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ പണം അടവാക്കൽ- പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

2019-20 സാമ്പത്തികവർഷം തനത് ഫണ്ട് വരവുകളിൽ താഴെപ്പറയുന്ന ചെക്കുകൾ ബാങ്കിൽ നല്കിയിട്ടുണ്ടെങ്കിലും ക്രെഡിറ്റായി കാണുന്നില്ല.

| ക്രമ നം. | തുക/തീയതി | ഇനം | റിമാർക്സ് |
|---|---|---|---|
| 1 | 13510/- 31.10.19 | വാടക | പഞ്ചാബ് നാഷണൽ ബാങ്ക് – 31.10.19 ലെ ഡേ ബുക്ക് പ്രകാരമുള്ള 31074/- രൂപയുടെ ചെക്കുകളിൽ 13510/- രൂപയുടെ ചെക്ക് ക്രഡിറ്റായി കാണുന്നില്ല. |
| 2 | 23904/- 31.12.19 | തൊഴിൽ നികുതി | Pixotri Techno Logics (P) Ltd - 31.12.19 ലെ ഡേബുക്ക് പ്രകാരമുള്ള ചെക്ക് ബാങ്കിൽ നല്കിയതായോ ക്രെഡിറ്റായതായോ കാണുന്നില്ല. |
| 3 | 1575/- 20.4.20 | വസ്തു നികുതി | രാധാമണിയമ്മ |
| 4 | 16250/- 15.9.20 | തൊഴിൽ നികുതി | പ്രിൻസിപ്പൽ ഗവ. എച്ച്.എസ്.എസ്. തിരുനെല്ലൂർ |
| 5 | 36750/- 25.9.20 | തൊഴിൽ നികുതി - | ഡോ. ലക്ഷ്മി, പി.എച്ച്.സി. - 1250/- ഡോ. രമ്യ ഗോപിനാഥ്, - ടി - 1250/- ഡോ. വിനിത, - ടി- 1250/- |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ഓഫീസർ<br>എഫ്.എച്ച്.സി. പള്ളിപ്പുറം - 24250/-<br>എച്ച്.എം. സെന്റ് മേരീസ് എൽ.പി.എസ്. - 8750/- |
| 6 | 2500/-<br>14.10.20 | തൊഴിൽ നികുതി | ബി.ഡി.ഒ., തൈക്കാട്ടുശ്ശേരി |
| 7 | 6417/-<br>15.3.21 | വസ്തു നികുതി | യശോധരൻ - 56/-<br>ഉണ്ണികൃഷ്ണൻ - 567/-<br>യശോധരൻ - 2058/-<br>കെ. രവീന്ദ്രനാഥൻ - 3150/-<br>കെ. രവീന്ദ്രനാഥൻ - 586/- |
| ആകെ | 100906/- | | |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി (നം.10/14.2.22 ) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെക്കുകൾ പാസ്സായിട്ടുണ്ടെങ്കിൽ അവ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം ടി. കാലയളവിലെ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-15 കൃഷി ഭവൻ - രസീത് പിരിവിലെ അപാകതകൾ

രസീത് ബുക്ക പ്രകാരമുള്ള പിരിവിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഔട്ട് ഡോർ കളക്ഷനായി കൃഷി ഓഫീസിലേക്ക് നല്കിയിരുന്ന രസീത് ബുക്ക് നം.3851 ഓഡിറ്റിൽ ഹാജരാക്കിയില്ല. ആയത് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.10/14.2.22) നല്കിയതിന് കൃഷി ഓഫീസർ നല്കിയ KBppm-24/21-22 നം. മറുപടിയിൽ ഓഫീസിൽ വിവിധ ഓഡിറ്റുകളുമായി ബന്ധപ്പെട്ട് ഫയലുകളും രസീതുബുക്കുകളും Shuffling വന്നതായും കോവിഡുമായി ബന്ധപ്പെട്ടും ആരോഗ്യകരമായ പ്രശ്നങ്ങളാലും വർക്ക് ഫ്രം ഹോം ആയിരുന്നതിനാലും 2019-20 വർഷം ഓഫീസിലുണ്ടായിരുന്ന ജീവനക്കാർ എല്ലാവരുംതന്നെ സ്ഥലംമാറിപ്പോയതിനാലും നിലവിൽ ഓഫീസർ പ്രസവാവധിയിലായതിനാലും രസീത് ബുക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതിനായി സമയം ആവശ്യമാണെന്നാണ് അറിയിച്ചിട്ടുള്ളത്.

രജിസ്റ്റർ പ്രകാരം ഈ രസീതു ബുക്കിലെ 1 മുതൽ 76 വരെയുള്ള രസീതുകളിലായി 60187/- രൂപ പിരിച്ചിട്ടുള്ളത് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതായി കാണുന്നുണ്ട് (രസീത് നം. 119030104273/24.3.20) .

രസീത് നം. 77 മുതൽ 83 വരെ 10968/- രൂപ പിരിച്ചത് രസീത് നം.119030104277/24.3.20 പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതായി കാണുന്നു. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 83-ാം നമ്പർ രസീതുവരെ മാത്രമാണ് കളക്ഷൻ നടത്തിയിട്ടുള്ളത്.

2. രസീത് ബുക്ക് നം,3856, രസീത് നം. 11 മുതൽ 100 വരെ 22.3.21, 23.3.21, 24.3.21 തീയതികളിലായി നടത്തിയ പിരിവ് തുക 26.3.2021 ൽ മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരിക്കുന്നത്.

3. രസീത് ബുക്ക് നം.3855 , രസീത് നം.1 മുതൽ 41 വരെയുള്ള രസീതുകളുടെ വിശദാംശങ്ങൾ മാത്രമാണ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

4. രസീത് ബുക്ക് നം. 3856 ഉപയോഗിച്ചതിനുശേഷമാണ് രസീത് ബുക്ക് നം.3855 (24.3.21, 25.3.21, 26.3.21) ഉപയോഗിച്ചിരിക്കുന്നത്.

പണം അടവാക്കിയതിലെ കുറവ് താഴെ ചേർക്കുന്നു.

| രസീത് ബുക്ക് നം. | രസീത് നം. | ആകെ കളക്ഷൻ തുക | പഞ്ചായത്തിൽ അടവാക്കിയത് | കുറവ് | |
|---|---|---|---|---|---|
| 3856 | 11 മുതൽ 100 വരെ | 140312/- | 211100/-<br>(26.3.21) | | |
| 3855 | 1 മുതൽ 41 വരെ | 89623/- | | | |
| | 42 മുതൽ 71 വരെ | 17695/- | | | കളക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടില്ല. |
| | | 247630 | 211100 | 36530 | |

പഞ്ചായത്ത് ലഡ്ജർ റിപ്പോർട്ട് പ്രകാരം 2021 മാർച്ച് മാസം ആകെ 211100/- രൂപ (വൗച്ചർ നം. 1200103389) മാത്രമാണ്

കൃഷിഭവനിൽ നിന്നും അടവാക്കിയിട്ടുള്ളത്. തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കുവാനായും രജിസ്റ്റർ പൂർണ്ണമാക്കാത്തത് സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി (നം.16/15.2.22 ) നല്കിയെങ്കിലും മറുപടി ഹാജരാക്കിയില്ല.

ഓഡിറ്റ് തീയതിക്കുശേഷം കൃഷി ഓഫീസർ ഇ-മെയിൽ മുഖേന ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായി. മറുപടി പ്രകാരം 3855-ാം നമ്പർ രസീത് ബുക്ക് പ്രകാരമുള്ള പിരിവുകളുടെ വിശദാംശങ്ങൾ കളക്ഷൻ രജിസ്റ്ററിൽ ചേർത്തതിന്റെ പകർപ്പ് ലഭ്യമാക്കുകയുണ്ടായി.

പിരിച്ച ഗുണഭോക്തൃവിഹിതത്തിൽ, പഞ്ചായത്തിൽ 26.3.21 ൽ അടവാക്കിയതിനുശേഷം ബാക്കിയുള്ള 36530/- രൂപ 17.12.2021 ൽ ടെൻഡററായ റെയ്ഡ്കോയുടെ അക്കൗണ്ടിലേക്ക് നേരിട്ട് സംസ്ഥാന സഹകരണ ബാങ്കിന്റെ 7947-ാം നമ്പർ സ്ലിപ്പ് പ്രകാരം അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുള്ളതായി അറിയിക്കുകയും പകർപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ആകെ 247630/- രൂപ വരുമെങ്കിലും 211100/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ സാംഖ്യ വഴി ബിൽ പ്രോസസ് ചെയ്യാൻ സാധിക്കുമായിരുന്നത്. ആയതിനാലാണ് ഇപ്രകാരം അടവാക്കിയത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഗുണഭോക്തൃവിഹിതം പിരിച്ചത് നേരിട്ട് റെയ്ഡ്കോയ്ക്ക് നേരിട്ട് നല്കിയതുമൂലം മേൽ 36530/- രൂപ ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

26.3.2021 ൽ പിരിച്ചിരിക്കുന്ന തുക റെയ്ഡ്കോയ്ക്ക് നല്കിയിരിക്കുന്നത് 17.12.2021 ൽ മാത്രമാണ്. 9 മാസത്തോളം തുക കൈവശം വച്ചത് ഗുരുതരമായ അനാസ്ഥയാണ്.

രസീത് ബുക്ക് നം. 3851 ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. കളക്ഷൻ രജിസ്റ്റർ പ്രകാരം ഈ രസീതുബുക്കിലെ 83-ാം നമ്പർ രസീതുവരെ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. രസീത് ബുക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രസീതുകൾ ദുരുപയോഗിക്കുന്നതിന് സാധ്യതയുള്ളതിനാൽ ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ലൈസൻസ് ഫീ കുറവായി ഈടാക്കിയത്

ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| അപേക്ഷകൻ /കെട്ടിട നം. | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| സദാം ലത്തീഫ്,<br>മെ. റഫാ എക്സ്പോർട്സ് | 119030102814/<br>10.2.19 | 10000 | 4000 | 6000 |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഫയൽ നം.PCB/ALP/UCE-1760/2019/8.2.19 പ്രകാരം മൂലധന നിക്ഷേപം 784.14 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 22/16.2.22) മറുപടി ലഭ്യമാക്കിയില്ല. മതിയായ വിശദീകരണം നൽകാത്ത പക്ഷം, കുറവ് വന്ന 6000/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഡി & ഒ. ലൈസൻസിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് നേടിയാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമല്ല.

2. നിരവധി ഫാക്ടറികൾ പ്രവർത്തിക്കുന്ന ചേന്നംപള്ളിപ്പുറം ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിലെയും ഇൻഫോ പാർക്കിലെയും പല സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതായി കാണുന്നില്ല. വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റിൽ ഈ സ്ഥലങ്ങളിലെ പല സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുമില്ല

3. ഡി & ഒ. ലൈസൻസ് നേടുന്നതിന് ആവശ്യമായ നിരാക്ഷേപപത്രങ്ങൾ പല അപേക്ഷകളിലും കാണുന്നില്ല.

എ). കേരള പഞ്ചായത്ത് രാജ് വകുപ്പ് 233(4) (ബി) പ്രകാരം ആരോഗ്യ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ (ആശുപത്രി, ക്ലിനിക്, ക്ലിനിക്കൽ ലബോറട്ടറി, പാരാമെഡിക്കൽ സ്ഥാപനം, മറ്റേതെങ്കിലും ആരോഗ്യ സ്ഥാപനം എന്നിവയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ സമ്മതപത്രം

ബി). മരുന്നുവ്യാപാര സ്ഥാപനങ്ങൾ ഡ്രഗ്സ് കൺട്രോൾ ലൈസൻസ്

സി). സോഡാ/സോഫ്റ്റ് ഡ്രിങ്ക്, കുടിവെള്ള നിർമ്മാണത്തിന് വാട്ടർ അതോറിറ്റിയുടെയോ ഭൂഗർഭ ജല വകുപ്പിന്റെയോ ജല പരിശോധന സർട്ടിഫിക്കറ്റ്

ഡി). ഭക്ഷണ സാധനങ്ങളുടെ പ്രോസസിംഗ് നടത്തുന്നതിന് ഫുഡ് സേഫ്റ്റി & സ്റ്റാൻഡാർഡ് അതോറിറ്റി (Fssai) സർട്ടിഫിക്കറ്റ്

ഇ). ഫാക്ടറികൾക്കാവശ്യമായ ഫാക്ടറീസ് & ബോയിലേഴ്സ് സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ

ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ്, സാനിട്ടേഷൻ സർട്ടിഫിക്കറ്റ്

ആവശ്യമായ രേഖകൾ ലൈസൻസ് അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ട ഫീസടച്ച് രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1- 18 മോട്ടോർ റണ്ണിംഗ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു.

യന്ത്രശക്തി ഉപയോഗിക്കുന്ന ഡി & ഒ. ലൈസൻസ് അപേക്ഷകരിൽ നിന്നും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം – 18, 19 പട്ടിക III പ്രകാരം മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കാത്തതായോ കുറവ് ഈടാക്കിയതായോ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകൻ | രസീത് നം. | ഉപയോഗിക്കുന്ന എച്ച്.പി. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 306 | അനിൽകുമാർ പി.സി. മാക്സ്ഫീൽഡ് റബ്ബർ പ്രോഡക്ട്സ് | 119030500014/ 9.5.19 | 134KVA= 143 HP | 2000 | 1000 | 1000 |
| 2 | 369 | സദാം ലത്തീഫ് മെ. റഫ എക്സ്പോർട്സ് | 119030102814/ 10.2.19 | 320 HP | 3200 | 2000 | 1200 |
| | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഫയൽ നം.PCB/ALP/UCE-1760/2019/8.2.19 പ്രകാരമുള്ള ലൈസൻസിൽ HP 320 ആണ്. | | | | | | |
| 3 | 208 | സി.എ.ഷാജഹാൻ കൊച്ചിൻ പോളിമേഴ്സ് (പ്രൈ).ലിമിറ്റഡ് | 119030104389/ 22.3.19 | 180HP | 2000 | 900 | 1100 |
| 4 | 209 | രാജേഷ് സി. കാബിൻ ഫുട്കെയർ | 118030500102/ 22.3.19 | 93.9 HP | 1000 | 500 | 500 |
| 5 | 234 | എം.നിസാം പ്രീമിയർ മറൈൻ ഫുഡ്സ് | 118030500094/ 27.2.19 | 500HP | 5000 | 3000 | 2000 |
| 6 | 243 | സഫിയ അബ്ബാസ് ക്രസന്റ് ഫ്ലക്സിപാക് | 118030500110/ 28.3.19 | 195KW= 261HP | 2610 | 1500 | 1110 |
| 7 | 83 | റാണി മാമച്ചൻ ഫ്ലവർമിൽ | 103958/8.3.19 | 10HP | 100 | -- | 100 |
| 8 | 91 | ബാബു തോമസ് ഫ്ലവർമിൽ | 103974/8.3.19 | 10HP | 100 | -- | 100 |
| 9 | 186 | മനോജ്കുമാർ വി.എ. ഇൻഫ്ര എലവേറ്റേഴ്സ് | 500105/26.3.19 | 248HP | 2480 | 1500 | 980 |
| | 2018-19 ൽ നല്കിയിരിക്കുന്ന ലൈസൻസിൽ (നം.237/18-19/8.11.18) 248 HP എന്നാണ് കാണിച്ചിരിക്കുന്നത്. | | | | | | |
| | ആകെ -8090 | | | | | | |

ഈടാക്കുവാനുള്ള മോട്ടോർ റണ്ണിംഗ് ഫീസ് 8090/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 അഡ്വക്കേറ്റ് ഫീ - നികുതി ഈടാക്കാത്തത് സംബന്ധിച്ച്

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്നും താഴെപ്പറയുംവിധം വിവിധ കേസുകൾക്കായി അഡ്വ.ഗോപിദാസിന് 2019-20 സാമ്പത്തികവർഷം 49000/- രൂപ നല്കിയിട്ടുണ്ട്. Income Tax Act – 194 J പ്രകാരം ഒരു സാമ്പത്തികവർഷം 30000/- രൂപയിൽ കൂടുതൽ പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ഫീസിനത്തിൽ നല്കുമ്പോൾ 10% തുക ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം. | തുക | കേസ് നം. |
|---|---|---|---|---|
| 1 | 21900313/1.7.19 | 025575 | 15000 | OS No.737 |

| | | | | |
|---|---|---|---|---|
| 2 | 779/1.1..19 | 027985 | 24000 | AS No.32, 33/13 & OS737/15 |
| 3 | 1354/20.3.20 | 030785 | 10000 | OS No.88/2020 |
| | | ആകെ - | 49000 | |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/15.2.22 ) മറുപടി ലഭ്യമാക്കിയില്ല. ഉറവിടത്തിൽ കുറവു ചെയ്യാതിരുന്ന തുകയായ 4900/- ഈടാക്കി അടവ് വരുത്തേണ്ടതാണ്.

## 1-20 വ്യവസായത്തിനുള്ളവ - കൈത്തറി ഷെഡ് , കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി നിർണയിച്ച കെട്ടിടത്തിന് ഭവന പുനരുദ്ധാരണത്തിനുള്ള ധന സഹായം നല്കി

| | |
|---|---|
| പ്രോജക്ട് നം./ പേര് | 99/2019-20, ഭവന പുനരുദ്ധാരണം (ജനറൽ) |
| അടങ്കൽ | വികസന ഫണ്ട്( ജനറൽ )- 17,00,000 |
| ചെലവ് | 11,20,000 |
| നിർവ്വഹണ ഉദ്യോഗസ്ഥന് | വി.ഇ.ഒ , ഒറ്റപ്പന്ന |

പദ്ധതി പ്രകാരം 56 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനുള്ള ആനുകൂല്യം നൽകിയതിൽ ധന സഹായം കൈപ്പറ്റിയ ഗോപി, പുന്നാറ്റു കോളനി , പള്ളിപ്പുറം എന്ന വ്യക്തിയുടെ അപേക്ഷയിൻമേൽ കൊടുത്തിരിക്കുന്ന കെട്ടിടം വ്യവസായത്തിനുള്ളവ - കൈത്തറി ഷെഡ് , കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി നിർണയിച്ച കെട്ടിടമാണ്. ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ള രേഖകളിൽ ടി കെട്ടിടത്തിന്റെ നിർണയ വിവരങ്ങൾ (സഞ്ചയ ഡാറ്റാ ബേസിൽ നിന്നും ലഭ്യമായത്) സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. ടി വ്യക്തിക്ക് ധനസഹായം നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/14.02.22) ലഭ്യമാക്കിയ മറുപടിയിൽ, സർവീസിൽ തുടക്കക്കാരിയായതിനാലും വി ഇ ഒ ട്രെയിനിംഗ് പൂർത്തിയാക്കാതെ പദ്ധതി നിർവഹണം നടത്തേണ്ടി വന്നതു മൂലമുണ്ടായ വീഴ്ചയാണെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ , ടി ഗുണഭോക്താവിന് നല്കിയ 20,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-21 ഭവന പുനരുദ്ധാരണം (എസ് . സി )- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./ പേര് | 92/2019-20, വീട് വാസ യോഗ്യമാക്കൽ (പട്ടിക ജാതി) |
| അടങ്കൽ | വികസന ഫണ്ട്(എസ്.സി.പി)-<br>33,67,647 |
| ചെലവ് | 28,50,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, തിരുനെല്ലൂർ |

സർക്കാർ ഉത്തരവ് കൈ നം. 22/ 2018/ ത.സ്വ.ഭ.വ തീയതി 14.02.2018, 6.7.6 പ്രകാരം പുതിയ വീട് നിർമ്മിച്ച് 8 വർഷം കഴിഞ്ഞതിനു ശേഷമേ ഭവന പുനരുദ്ധാരണത്തിനുള്ള ധനസഹായത്തിന് ഗുണഭോക്താവിന് അർഹതയുള്ളൂ. എന്നാൽ താഴെപ്പയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ പ്രകാരം കൊടുത്തിരിക്കുന്ന കെട്ടിട നമ്പർ, സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങൾ എന്നിവ പ്രകാരം ടി ഭവനങ്ങൾ നിർമ്മിച്ചതിനുശേഷം 8 വർഷം പൂർത്തിയായിട്ടില്ല എന്നു കാണുന്നു.

| ക്രമ നം | കൈപ്പറ്റിയ ധനസഹായം | ബിൽ നം. / തീയതി | ഗുണഭോക്താവിന്റെ പേര്,മേലിവിലാസം ബാങ്ക് | കെട്ടിട നം. | സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം നികുതി നിർണയിച്ച വർഷം |
|---|---|---|---|---|---|
| 1 | 1,00,000 | 19060752016200571004 /16.09.19<br>19060752016201476939 /12.01.20 | ശശി , പുന്നത്താഴെ നികർത്ത് | I / 215 A | 2014 ഒന്നാം അർദ്ധവർഷം |
| 2 | 1,00,000 | 19060752016200571004 /16.09.19 | ജയമ്മ മഠത്തിൽ | I / 250 A | 2018 ഒന്നാം അർദ്ധവർഷം |

| | | | | | |
|---|---|---|---|---|---|
| | | 19060752016201476939 /12.01.20 | പറമ്പിൽചിറ | | |
| 3 | 1,00,000 | 19060752016200571004 /16.09.19 | ശാരദ , പുന്നാറ്റ് ഹരിജൻ കോളനി | II /137A | 2017 രണ്ടാം അർദ്ധവർഷം |
| 4 | 1,00,000 | 19060752016200571004 /16.09.19 | രാധാമണി , നികർത്തിൽ , തിരിന്നല്ലൂർ | XIII / 89 | 2017 ഒന്നാം അർദ്ധവർഷം |
| 5. | 1,00,000 | 19060752016200571004 /16.09.19 | കമല പി കെ പുതുവൽ നികർത്ത് | XII / 200 | സഞ്ചയയിൽ ടി നമ്പറിൽകെട്ടിടം നിലനില്ക്കുന്നില്ല |
| 6. | 1,00,000 | 19060752016200571004 /16.09.19 | സിന്ധു വി പി തൈക്കാട്ടു ലക്ഷം വീട് | VI / 218 A | 2015 ഒന്നാം അർദ്ധവർഷം |
| 7 | 1,00,000 | 19060752016201476939 /12.01.20 | സുരേന്ദ്രൻ ആർ ചേന്നനാട്ട്ചിറ | VII / 297A | 2015 ഒന്നാം അർദ്ധവർഷം |
| 8 | 1,00,000 | 19060752016201476939 /12.01.20 | ഓമനക്കുട്ടൻ , കരിമഠത്തിൽ | X/493 | സഞ്ചയയിൽ ടി നമ്പറിൽകെട്ടിടം നിലനില്ക്കുന്നില്ല |

ഇപ്രകാരം അനർഹർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/14.02.22) പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി തന്ന കാലപ്പഴക്ക സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഭവനപുനരുദ്ധാരണ ആനുകൂല്യം നല്കിയത് എന്നും, സഞ്ചയ ലോഗിൻ പരിശോധിക്കുവാൻ വി ഇ ഒ യ്ക്ക് അധികാരംഇല്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിനാൽ, ടി മറുപടി ഓഡിറ്റിൽ അംഗീകരിയ്ക്കുന്നു. നിർവഹണ ഉദ്യോഗസ്ഥന് യഥാർത്ഥ വിവരങ്ങൾ ( സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ളത്) കൈമാറാതിരുന്ന സെക്രട്ടറിയുടെ നടപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ, ടി ചെലവ് തുക (8,00,000/-രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-22 ഭവന പുനരുദ്ധാരണം(ജനറൽ) - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 99/2019-20, ഭവന പുനരുദ്ധാരണം (ജനറൽ) |
| അടങ്കൽ | വികസന ഫണ്ട്( ജനറൽ )- 17,00,000 |
| ചെലവ് | 11,20,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ , തിരുനെല്ലൂർ |

സർക്കാർ ഉത്തരവ് കൈ നം. 22/ 2018/ ത.സ്വ.ഭ.വ തീയതി 14.02.2018, 6.7.6 പ്രകാരം പുതിയ വീട് നിർമ്മിച്ച് 8 വർഷം കഴിഞ്ഞതിനു ശേഷമേ ഭവന പുനരുദ്ധാരണത്തിനുള്ള ധനസഹായത്തിന് ഗുണഭോക്താവിന് അർഹതയുള്ളൂ. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ പ്രകാരം കൊടുത്തിരിക്കുന്ന കെട്ടിട നമ്പർ , സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങൾ എന്നിവ പ്രകാരം ടി ഭവനങ്ങൾ നിർമ്മിച്ചതിനുശേഷം 8 വർഷം പൂർത്തിയായിട്ടില്ല എന്നു കാണുന്നു..

| ക്രമ നം | ചെക്ക് നം, തീയതി, തുക | കൈപ്പറ്റിയ ധനസഹായം | ഗുണഭോക്താവിന്റെ പേര്,മേലിവിലാസം | കെട്ടിട നം. | സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം നികുതി നിർണയിച്ച വർഷം |
|---|---|---|---|---|---|
| 1 | | 20000 | സുധർമ്മ , തൈച്ചിറ പള്ളിപ്പുറം പി ഒ | I /517A | 2016 ഒന്നാം അർദ്ധവർഷം നിർണയിച്ച |
| 2 | | 20000 | ഹരിദാസൻ , പണിയ്ക്കാപറമ്പിൽ | 1/ 295 B | സഞ്ചയയിൽ ടി നമ്പറിൽകെട്ടിടം |

| | | | | | |
|---|---|---|---|---|---|
| | | | പള്ളിപ്പുറം | | നിലനില്ക്കുന്നില്ല |
| 3 | | 20000 | ബിനി ,കരിയിൽ, തിരുനെല്ലൂര് | XI / 148 A | 2019 ഒന്നാം അർദ്ധവർഷം നിർണയിച്ച |

ഇപ്രകാരം അനർഹർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/14.02.22) പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി തന്ന കാലപ്പഴക്ക സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഭവനപുനരുദ്ധാരണ ആനുകൂല്യം നല്കിയത് എന്നും, സഞ്ചയ ലോഗിൻ പരിശോധിക്കുവാൻ വി ഇ ഒ യ്ക്ക് അധികാരംഇല്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിനാൽ, ടി മറുപടി ഓഡിറ്റിൽ അംഗീകരിയ്ക്കുന്നു. നിർവഹണ ഉദ്യോഗസ്ഥന് യഥാർത്ഥ വിവരങ്ങൾ ( സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ളത്) കൈമാറാതിരുന്ന സെക്രട്ടറിയുടെ നടപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ, ടി ചെലവ് തുക (60,000/-രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-23 യോഗാ പരിശീലനം - രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | S0113/20 |
| അടങ്കൽ | 83120.(വികസനഫണ്ട്- ജനറൽ) |
| ചെലവ് | 83120 (ബിൽ നം.1/19-20/17.10.19) |

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായി ആയുഷുമായി സഹകരിച്ചു നടപ്പാക്കുന്നതിനു വിഭാവനം ചെയ്ത പദ്ധതി നടത്തിപ്പിനായി മേൽ സൂചിപ്പിച്ച ബിൽ പ്രകാരം 83120 രൂപ പിൻവലിച്ച് ശ്രീമതി. വിജയമ്മ കൃഷ്ണൻ എന്ന വ്യക്തിയുടെ പേരിലുള്ള 20007674521 നമ്പർ എസ്.ബി.ഐ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ഏതാനും വ്യക്തികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച അപേക്ഷാ ഫോമുകൾ, ഉദ്ഘാടനദിവസത്തെ ചായസൽക്കാരത്തിന് ചെലവായ 1070 രൂപയുടെ വൗച്ചർ എന്നിവ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. പരിശീലനാർത്ഥികൾക്ക് ഏതൊക്കെ ദിവസങ്ങളിൽ എത്ര മണിക്കൂർ വീതം യോഗപരിശീലനം ലഭിച്ചുവെന്നു വ്യക്തമാക്കുന്ന ഹാജർ രേഖകൾ, പരിശീലനം നൽകിയ സെന്റർ എവിടെയാണ് എന്ന വിവരം, പരിശീലകനെ തെരഞ്ഞെടുത്തതു സംബന്ധിച്ച വിവരങ്ങൾ, യോഗ പരിശീലനം നടത്തിയ പരിശീലകന്റെ യോഗ്യത സംബന്ധിച്ച രേഖകൾ, ടിയാളുടെ തിരിച്ചറിയൽ രേഖകൾ, മറ്റു ചെലവു രേഖകൾ എന്നിവ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ചുള്ള എല്ലാ രേഖകളും പരിശോധനയ്ക്കു ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം ( നം.14/15.02.22)നൽകിയതിനുശേഷം ശ്രീ. അഭിലാഷ് കൃഷ്ണൻ എന്ന വ്യക്തിയുടെ യോഗാ പരിശീലന യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ടി. വ്യക്തിയാണ് പരിശീലകനെങ്കിൽ ശ്രീമതി. വിജയമ്മ കൃഷ്ണൻ എന്ന വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകിയതിന്റെ കാരണം വ്യക്തമല്ല. പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച് മേൽ സൂചിപ്പിച്ച രേഖകളും വിശദീകരണങ്ങളും ഹാജരാക്കുന്നതു വരെ പ്രസ്തുത പദ്ധതിക്കായി നടത്തിയ 83120 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ-രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിഫയലുകൾ പരിശോധിച്ചതിൽ നിന്നും ടി പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം, പ്രവൃത്തിയുടെ പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവ്. |
|---|---|---|---|
| 1. | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോ.നം.166/20) | 75000(ജില്ലാ പഞ്ചായത്ത് വിഹിതം) | 74986 രൂപ. (ബിൽ നം.36/19-20 /17.12.19) |
| 2. | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോ.നം.8/20) | 50000(സി.എഫ്.സി), 50000 (ജില്ലാ പഞ്ചായത്ത്) | 50000(സി.എഫ്.സി),(ബിൽ നം.19/19-20/17.10.19)<br>15876(ജില്ലാ പഞ്ചായത്ത്)(ബിൽ നം.30/19-20/17.12.19) |

| | | | |
|---|---|---|---|
| 3. | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോ.നം.9/20) | 50000(സി.എഫ്.സി), 50000 (ജില്ലാ പഞ്ചായത്ത്) | 50000(സി.എഫ്.സി),13592(ജില്ലാ പഞ്ചായത്ത്) (ബിൽ നം.20/19-20/17.10.19) (ബിൽ നം.28/19-20/17.12.19) |
| 4. | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോ.നം.206/20) | 50000(സി.എഫ്.സി), 50000 (ജില്ലാ പഞ്ചായത്ത്) | 50000(സി.എഫ്.സി), 50000 (ജില്ലാ പഞ്ചായത്ത്)(ബിൽ നം.22/19-20/17.10.19) (ബിൽ നം.23/19-20/17.10.19) |
| 5. | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോ.നം.160/20) | 50000(സി.എഫ്.സി), 50000 (ജില്ലാ പഞ്ചായത്ത്) | 50000(സി.എഫ്.സി), 49721(ജില്ലാ പഞ്ചായത്ത്) (ബിൽ നം.35/19-20/17.12.19) (ബിൽ നം.37/19-20/17.12.19) |
| 6. | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോ.നം.161/20) | 50000(സി.എഫ്.സി), 50000 (ജില്ലാ പഞ്ചായത്ത്) | 50000(സി.എഫ്.സി), 4988 (ജില്ലാ പഞ്ചായത്ത്) (ബിൽ നം.29/19-20/17.12.19) (ബിൽ നം.34/19-20/17.12.19) |
| 7. | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോ.നം.208/20) | 50000(സി.എഫ്.സി), 50000 (ജില്ലാ പഞ്ചായത്ത്) | 50000(സി.എഫ്.സി), 49975.(ജില്ലാ പഞ്ചായത്ത്) (ബിൽ നം.24/19-20/17.12.19) (ബിൽ നം.32/19-20/17.12.19) |
| 8. | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോ.നം.209/20) | 100000(സി.എഫ്.സി), 100000 (ജില്ലാ പഞ്ചായത്ത്) | 100000(സി.എഫ്.സി), 100000 (ജില്ലാ പഞ്ചായത്ത്) (ബിൽ നം.25/19-20/17.10.19) (ബിൽ നം.31/19-20/17.12.19) |
| 9. | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോ.നം.4/20) | 50000(സി.എഫ്.സി), 50000 (ജില്ലാ പഞ്ചായത്ത്) | 50000(സി.എഫ്.സി), 50000 (ജില്ലാ പഞ്ചായത്ത്) (ബിൽ നം.17/19-20/17.10.19) (ബിൽ നം.18/19-20/17.10.19) |
| 10. | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോ.നം.5/20) | 50000(സി.എഫ്.സി), 50000 (ജില്ലാ പഞ്ചായത്ത്) | 50000(സി.എഫ്.സി), 50000 (ജില്ലാ പഞ്ചായത്ത്) (ബിൽ നം.21/19-20/17.10.19) (ബിൽ നം.33/19-20/17.12.19) |

ടി പ്രവൃത്തികൾ സംബന്ധിച്ച് മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ടി. പ്രവൃത്തികൾക്കായി നടത്തിയ 959138/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1- 25 വാഹനങ്ങൾക്ക് ഇന്ധനം- ഉത്തരവിലെ ഉൾപ്പെടാത്ത ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു

എസ് 0023/20

അടങ്കൽ- 1,50,000/-(തനത് ഫണ്ട്)

ചെലവ്- 1,44,288/- ( ചെക്ക് നം.- , തീയതി)

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ വാഹനങ്ങൾക്ക് ഇന്ധനം എന്ന പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഗവ. എൽ. പി . എസ് , തിരുനെല്ലൂർ , ഗവ. എൽ. പി . എസ് , ഒറ്റപ്പുന്ന ഗവ. യു . പി . എസ് , പുല്ലുവേലിഭാഗം എന്നീ സ്കൂളുകളിലെ സ്കൂൾ ബസിൽ ഇന്ധനം നിറയ്ക്കുന്നതിനായി യഥാക്രമം 46500/-രൂപ, 55500/- രൂപ, രൂപ, 42288/- 2019-20 വർഷം സർക്കാർ ഉത്തരവ് നം. 14 / 96/ പൊ. വി , തീയതി- 18 .01 .1996 പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിൽനിന്നും കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ അധികാരങ്ങളും പദ്ധതികളും സംബന്ധിച്ച പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം വാഹനങ്ങളുടെ ഇന്ധന ചെലവ്,

ഡ്രൈവറുടെ വേതനം, മറ്റ് ആവർത്തന ചെലവുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6 തീയതി-14.02.2022 ) നല്കിയ മറുപടിയിൽ, ഡി പി സിയും പഞ്ചായത്ത് കമ്മറ്റിയും അംഗീകരിച്ചതിനാലാണ് തുക മാറി നല്കിയതെന്നാണ് . എന്നാൽ ഉത്തരവ് പാലിക്കാതെ നല്കിയ ടി ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ, ചെലവ് തുക (1,44,288/- രൂപ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-26 അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിലെ പഞ്ചായത്ത് വിഹിതം-ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാത്തത് സംബന്ധിച്ച്.

2019-20 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതു വിഭാഗത്തിൽ നിന്നും നിശ്ചിത ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സർക്കാർ നിർദേശിച്ചിരുന്നു. ആയത് പ്രകാരം ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് പൊതു വിഭാഗത്തിൽ അലോക്കേറ്റ് ചെയ്ത തുകയിൽ നിന്നും അംഗൻവാടി ജീവനക്കാരുടെ 2019-20 വർഷങ്ങളിലെ പ്രതിഫല ഇനത്തിലെ പഞ്ചായത്ത് വിഹിതം 1314000/- രൂപ (30 അംഗൻവാടികളിലെ വർക്കർമാർക്ക് പ്രതിമാസം 2200/-രൂപ നിരക്കിലും, ഹെൽപ്പർമാർക്ക് പ്രതിമാസം 1450/-രൂപ നിരക്കിലും ഒരു വർഷത്തേയ്ക്കുള്ള തുക) നിശ്ചിത ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കുന്നതിന് താഴെപ്പറയുന്ന ഉത്തരവുകളിൽ നിർദേശിച്ചിരുന്നു.

| അലോട്ട്മെന്റ് ഉത്തരവ് നം. | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം 2019-20 |
|---|---|
| ജി.ഒ(ആർ.റ്റി) നം.2772/2019 ഫിൻ തീ.03.04.2019 | 438000 |
| ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീ.01.08.2019 | 438000 |
| ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീ.21.12.2019 | 438000 |

എന്നാൽ ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം മേൽ ഉത്തരവുകൾ പ്രകാരമുള്ള തുകയിൽ 350400/- രൂപ (പ്രോജക്ട് നം.236/20) മാത്രമാണ് തൻവർഷം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയത്. അവശേഷിക്കുന്ന 876000/- രൂപ തൻവർഷം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയിട്ടില്ല. വികസന ഫണ്ട് പൊതു വിഭാഗത്തിൽ തൻവർഷം അലോക്കേറ്റ് ചെയ്ത തുകയിൽ 4666122/- രൂപ ലാപ്സായി പോയിരുന്നു. അതത് വർഷത്തേയ്ക്കുള്ള തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ലായെങ്കിൽ തുടർ വർഷത്തെ അലോക്കേഷനിൽ നിന്നും ഈ തുക കിഴിവ് ചെയ്തതിനു ശേഷമെ വികസന ഫണ്ടിന്റെ പൊതു വിഭാഗത്തിലുള്ള അലോക്കേഷൻ അനുവദിക്കാറുള്ളൂ. വികസന ഫണ്ടിൽ മതിയായ ഫണ്ടുണ്ടായിട്ടും അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കാതിരുന്നതിനാൽ തുടർ വർഷങ്ങളിലെ അലോക്കേഷനിൽ പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാമായിരുന്ന 350400/- രൂപയുടെ കുറവ് വരാൻ കാരണമാകും. തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണ കുറിപ്പിന് (നം.26 തീ.17.07.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-27 ജി.ഒ പ്രോജക്ട് ആവിഷ്കരിക്കാതിരുന്നത് സംബന്ധിച്ച്.

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ അലോക്കേറ്റ് ചെയ്ത തുകയിൽ നിന്നും വിവിധയിനങ്ങളിൽ സോഴ്സ് ഡിഡക്ഷനിലൂടെ തുകകൾ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്കനുസൃതമായി ജി.ഒ പ്രോജക്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനങ്ങളിലുള്ള ചെലവുകളൊന്നും തന്നെ പഞ്ചായത്തിന്റെ പദ്ധതി ചെലവിലോ വാർഷിക കണക്കിലോ ഉൾപ്പെട്ടു വന്നിട്ടില്ല. വിവിധയിനങ്ങളിൽ ഈടാക്കിയ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

1.വികസന ഫണ്ട്-(ജനറൽ)

| അലോട്ട്മെന്റ് ഉത്തരവ് നം. | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം 2018-19 | ലൈഫ് വായ്പ തിരിച്ചടവ് |
|---|---|---|
| ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീ.01.08.2019 | | 2169118 |

| | | |
|---|---|---|
| ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീ.21.12.2019 | 657000 | 2169117 |

2. വികസന ഫണ്ട്-(എസ്.സി.പി)

| അലോട്ട്മെന്റ് ഉത്തരവ് നം. | ലൈഫ് വായ്പ തിരിച്ചടവ് |
|---|---|
| ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീ.01.08.2019 | 132353 |
| ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീ.21.12.2019 | 132353 |

3.വികസന ഫണ്ട്-(ടി.എസ്.പി)

| അലോട്ട്മെന്റ് ഉത്തരവ് നം. | ലൈഫ് വായ്പ തിരിച്ചടവ് |
|---|---|
| ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീ.01.08.2019 | 14706 |
| ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീ.21.12.2019 | 14706 |

മേൽ കണിച്ചിട്ടുള്ളതിൽ ലൈഫ് വായ്പാ തിരിച്ചടവിനത്തിൽ വികസന ഫണ്ട് ജനറലിൽ നിന്നുള്ള 2169117/-രൂപയും, വികസന ഫണ്ട് എസ്.സി.പി-യിൽ നിന്നുള്ള 132353/-രൂപയും മാത്രമാണ് ജി.ഒ പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ മറ്റ് തുകകൾക്ക് അനുസൃതമായി ജി.ഒ പ്രോജക്ട് ആവിഷ്കരിച്ച് ഉൾപ്പെടുത്താതിരുന്നത് മൂലം ഈ ചെലവുകൾ പഞ്ചായത്തിന്റെ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിലൊ, വാർഷിക കണക്കിലൊ ഉൾപ്പെട്ടു വന്നിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണ കുറിപ്പിന് (നം.22 , തീയതി - 16.02.2022) മറുപടി ലഭ്യമാക്കിയില്ല. കാരണം വിശദീകരിക്കേണ്ടതാണ്.

## 1-28 പത്രപ്പരസ്യം - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ.(ആർ.ടി)1/2011/04 ഐ. ആന്റ് പി.ആർ.ഡി. 4.1.2011 പ്രകാരം പരസ്യങ്ങളിന്മേൽ 15% ഡിസ്കൗണ്ട് ലഭ്യമാക്കേണ്ടതാണ്. മാതൃഭൂമി ഒഴികെയുള്ള പത്രപ്പരസ്യങ്ങളിൽ ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന പത്രപ്പരസ്യങ്ങളിൽ ബില്ലിന്മേൽ ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല.

| | വൗച്ചർ നം. | ചെക്ക് നം. | ബിൽ തുക | GST ഒഴികെയുള്ള തുക | സ്ഥാപനം | ബിൽ നം. |
|---|---|---|---|---|---|---|
| 1 | 21900531/29.8.19 | 026852/27.8.19 | 9600 | 9600 | മാതൃഭൂമി | 321000119818/23.12.19 |
| 2 | 21900676/1.10.19 | 027293/1.10.19 | 8736 | 8320 | ,, | 321000066351/15.9.19 |
| 3 | 21901359/23.3.20 | 030786/23.3.20 | 10920 | 10400 | ,, | 321000120299/1.2.20 |
| | | | 8736 | 8320 | ,, | 321000127495/20.2.20 |
| | ആകെ | | | 36640 | | |

ആകെ ലഭിക്കേണ്ട ഡിസ്കൗണ്ട് - 36640 X 15% =5496/-

ക്രമ നം. 1 പ്രകാരമുള്ള ബില്ലിലെ തുക 10080/- രൂപയാണെങ്കിലും GST തുക കുറച്ചുള്ള തുക മാത്രമാണ് നല്കിയിട്ടുള്ളത്.

ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.15/15.2.22 ) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1- 29 കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം- ഫൈൻ ഈടാക്കിയില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവർത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിഷ്കർഷിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ കരാറിലേർപ്പെട്ടിട്ടില്ലായെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവർത്തികളുടെ കരാറുകാർ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കിയതായി കാണുന്നില്ല. ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് 21330/- രൂപ നഷ്ടപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1.പ്രോജക്ട് നം. | : 80/20 |
| പ്രോജക്ടിന്റെ പേര് | : തോട്ടത്തിൽ എം.എൽ.എ റോഡ് ടാറിംഗ് |

| | |
|---|---|
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : മാത്യു.ടി.യു |
| എഗ്രീഡ് പി.എ.സി | : 265094 |
| ചെലവ് | 31905<br>(ചെക്ക നം.2181678 തീ.31.03.2020) |
| സെലക്ഷൻ നോട്ടീസ് നം./തീ | T14/AE/LSGD/CPP/19-20 തീ.21.08.2019 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | രേഖപ്പെടുത്തിയിട്ടില്ല |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | 04.09.2019 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : 05.09.2019 (11/AE/LSGD/CPP/19-20 തീ.05.09.2019) |
| | |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : 265094x1% =2651/- രൂപ |

| | |
|---|---|
| 2.പ്രോജക്ട് നം. | : 114/20 |
| പ്രോജക്ടിന്റെ പേര് | : അയ്യാരപ്പള്ളി റോഡ് ടാറിംഗ് |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : ജെ.തങ്കച്ചൻ |
| എഗ്രീഡ് പി.എ.സി | : 310894 |
| ചെലവ് | 27068<br>(ചെക്ക് നം.2181679 തീ.31.03.2020) |
| സെലക്ഷൻ നോട്ടീസ് നം./തീ | T7/AE/LSGD/CPP/19-20 തീ.21.08.2019 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | രേഖപ്പെടുത്തിയിട്ടില്ല |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | 04.09.2019 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : 05.09.2019 (7/AE/LSGD /CPP/19-20 തീ.05.09.2019) |
| | |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : 310894x1% =3109/- രൂപ |

| | |
|---|---|
| 3.പ്രോജക്ട് നം. | : 54/20 |
| പ്രോജക്ടിന്റെ പേര് | : കൃഷിഭവൻ ഗിരിജൻ കോളനി റോഡ് മെറ്റലിംഗ് ,ടാറിംഗ് |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : പി.പങ്കജാക്ഷൻ പിള്ള |
| എഗ്രീഡ് പി.എ.സി | : 267073 |
| ചെലവ് | 299122<br>(1.ട്രഷറി ബിൽ നം.22 തീ.18.01.2020-260000/-രൂപ<br>2.ചെക്ക് നം.162086 തീ.31.03.2020-39122/-രൂപ) |
| സെലക്ഷൻ നോട്ടീസ് നം./തീ | T16/AE/LSGD/CPP/19-20 തീ.21.08.2019 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | രേഖപ്പെടുത്തിയിട്ടില്ല |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | 04.09.2019 |

| | | |
|---|---|---|
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 05.09.2019 (13/AE/LSGD/CPP/19-20 തീ.05.09.2019) |
| | | |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 267073x1% =2671/- രൂപ |

| | | |
|---|---|---|
| 4.പ്രോജക്ട് നം. | : | 55/20 |
| പ്രോജക്ടിന്റെ പേര് | : | ചെറുകാട് എം.എൽ.എ റോഡ് മെറ്റലിംഗ്, ടാറിംഗ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | പി.പങ്കജാക്ഷൻ പിള്ള |
| എഗ്രീഡ് പി.എ.സി | : | 356832 |
| ചെലവ് | | 391498<br>(1.ട്രഷറി ബിൽ നം.29 തീ.29.01.2020-360000/-രൂപ<br>2.ചെക്ക് നം.1035090 തീ.31.03.2020-31498/-രൂപ) |
| സെലക്ഷൻ നോട്ടീസ് നം./തീ | | T4/AE/LSGD/CPP/19-20 തീ.21.08.2019 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | | രേഖപ്പെടുത്തിയിട്ടില്ല |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | | 04.09.2019 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 05.09.2019 (4/AE/LSGD/CPP/19-20 തീ.05.09.2019) |
| | | |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 356832x1% =3568/- രൂപ |

| | | |
|---|---|---|
| 5.പ്രോജക്ട് നം. | : | 111/2020 |
| പ്രോജക്ടിന്റെ പേര് | : | എസ്.എൻ.ഡി.പി കൈമനത്ത് റോഡ് ടാറിംഗ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | എൻ.എസ്.അജിത്ത് |
| എഗ്രീഡ് പി.എ.സി | : | 267288/-രൂപ |
| ചെലവ് | | 299362<br>(1.ട്രഷറി ബിൽ നം.28 തീ.29.01.2020-270000/-രൂപ<br>2.ചെക്ക് നം.1035641 തീ.30.01.2020-29362/-രൂപ) |
| സെലക്ഷൻ നോട്ടീസ് നം./തീ | | T6/AE/LSGD/CPP/19-20 തീ.21.08.2019 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | | രേഖപ്പെടുത്തിയിട്ടില്ല |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | | 04.09.2019 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 05.09.2019 (6/AE/LSGD/CPP/19-20 തീ.05.09.2019) |
| | | |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 267288x1% =2673/- രൂപ |

| | | |
|---|---|---|
| 6.പ്രോജക്ട് നം. | : | 74/2020 |

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | എൻ.എസ്.എസ് കോളേജ് പത്മപുരം റോഡ് ടാറിംഗ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | വി.ഒ.ജോസഫ് |
| എഗ്രീഡ് പി.എ.സി | : | 308803/-രൂപ |
| ചെലവ് | | 345858<br>(1.ട്രഷറി ബിൽ നം.18 തീ.18.01.2020-265000/-രൂപ<br>2.ട്രഷറി ബിൽ നം.19 തീ.18.01.2020-50000/-രൂപ<br>3.ചെക്ക് നം.162088 തീ.31.03.2020 -30858/-രൂപ) |
| സെലക്ഷൻ നോട്ടീസ് നം./തീ | | 17/AE/LSGD/CPP/19-20 തീ.21.08.2019 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | | രേഖപ്പെടുത്തിയിട്ടില്ല |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | | 04.09.2019 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 05.09.2019 (14/AE/LSGD/CPP/19-20 തീ.05.09.2019) |
| | | |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 308803x1% =3088/- രൂപ |

| | | |
|---|---|---|
| 7.പ്രോജക്ട് നം. | : | 79/2020 |
| പ്രോജക്ടിന്റെ പേര് | : | പുഷ്പമംഗലം കായൽ റോഡ് ടാറിംഗ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | വി.ഒ.ജോസഫ് |
| എഗ്രീഡ് പി.എ.സി | : | 356971/-രൂപ |
| ചെലവ് | | 399807<br>(1.ട്രഷറി ബിൽ നം.21 തീ.18.01.2020-365000/-രൂപ<br>2.ചെക്ക് നം.162087 തീ.31.03.2020 -34807/-രൂപ) |
| സെലക്ഷൻ നോട്ടീസ് നം./തീ | | T5/AE/LSGD/CPP/19-20 തീ.21.08.2019 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | | രേഖപ്പെടുത്തിയിട്ടില്ല |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | | 04.09.2019 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 05.09.2019 (5/AE/LSGD/CPP/19-20 തീ.05.09.2019) |
| | | |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 356971x1% =3570/- രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണ കുറിപ്പിന് (നം.18 തീ.16.02.2022) മറുപടി ലഭ്യമാക്കിയില്ല. തുക (21330/-രൂപ ) കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1- 30 വൗച്ചർ പരിശോധന - പൊതു അപാകതകൾ

വൗച്ചർ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ്റ്റേഷനറി വാങ്ങൽ - ക്വട്ടേഷൻ ക്ഷണിക്കാതെ MRP നിരക്കിൽ സ്റ്റേഷനറി വാങ്ങുന്നു.

വൗച്ചർ നം. 21900042/3.4.19 പ്രകാരം 9672/- രൂപ സ്റ്റഷനറി വാങ്ങിയതിനായി പി. നാരായണൻ നായർ & സൺസ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾക്ക് എല്ലാംതന്നെ MRPയിലാണ് വില ഈടാക്കിയിരിക്കുന്നത്. 2019-20 സാമ്പത്തികവർഷം ഇതു കൂടാതെ വിവിധ സ്റ്റേഷനറി വാങ്ങലുകൾ നേരിട്ട് നടത്തിയിട്ടുണ്ട്.

ജി.ഒ(പി)നം.259/2010/തസ്വഭവ, തീ.8.11.2010 പ്രകാരം 5000/- രൂപയിൽ കൂടുതലും 25000/- രൂപയിൽ കുറവുമുള്ള പർച്ചേസുകൾ ലോക്കൽ ക്വട്ടേഷൻ വഴി വേണം നടത്തേണ്ടത്. കൂടാതെ വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽതന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് വാങ്ങലുകൾ നടത്തേണ്ടതുമാണ്.

2. സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജ് -സംയുക്ത പരിശോധനാ നടപടികൾ സ്വീകരിക്കുന്നില്ല.

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ Unmetered Street Light കളുടെ (താരിഫ് - VIII A) വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം 66988/- (9/2019 മുതൽ 73704/-രൂപ) അടവാക്കുന്നുണ്ട്. സ്ട്രീറ്റ് ലൈറ്റുകളുടെ വിശദവിവരവും സ്ട്രീറ്റ് ലൈറ്റുകൾ Metered ആക്കുന്നതിന് സംയുക്ത പരിശോധനാ നടപടികൾ സ്വീകരിച്ചിട്ടുള്ള വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

*3. വെള്ളക്കരം - സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്ത പരിശോധനാ നടപടികൾ സ്വീകരിക്കുന്നില്ല.*

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ പ്രതിമാസം 123375/-രൂപ വെള്ളക്കരം ഇനത്തിൽ അടവാക്കുന്നുണ്ട്. പ്രതിവർഷം 15 ലക്ഷം രൂപയോളം പഞ്ചായത്തിന് ഈയിനത്തിൽ ചെലവുണ്ട്. സ്ട്രീറ്റ് ടാപ്പുകളുടെ വിശദവിവരവും ടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധനാ നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരവും ഓഡിറ്റഖിൽ അറിയിക്കേണ്ടതാണ്.

*4. തനത് ഫണ്ടിൽ നിന്നും നല്കിയ വേതനം റീക്കുപ്പ് ചെയ്ത് ലഭ്യമാകാത്തത് സംബന്ധിച്ച്*

പ്രളയം 2018 – നാശനഷ്ടമുണ്ടായ വീടുകളുടെ അപ്പീൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്ന ജോലികൾക്കായി എഞ്ചിനീയർമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവർക്ക് നല്കുന്ന വേതനം സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തിരികെ അനുവദിക്കുന്നതാണെന്ന് ബഹു. ജില്ലാ കളക്ടറുടെ DM.3 -21935/18(2) സർക്കുലർ പ്രകാരം അറിയിച്ചിരുന്നു. ഈ ആവശ്യത്തിനായി 9 എഞ്ചിനീയർമാർക്ക് വേതനമിനത്തിൽ 186375/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ടി തുകയും ഈ ആവശ്യത്തിനായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് നല്കിയ വേതനവും റീക്കുപ്പ് ചെയ്ത് തനത് ഫണ്ടിൽ വരവ് വയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുക നല്കിയ വിവരം - ചെക്ക് നം. 026814 മുതൽ 821 വരെ/6.9.19, (വൗച്ചർ നം.21900465 – 21900472)

*5. വാഹന റിപ്പയറിംഗ് - വൗച്ചർ ഫയലിൽ ലഭ്യമല്ലാത്തത് സംബന്ധിച്ച്.*

ബിൽ രജിസ്റ്റർ വൗച്ചർ നം.21900133/13.5.19 പ്രകാരം പഞ്ചായത്തിലെ വാഹനം റിപ്പയറിംഗ് ചെയ്തതിന് 28807/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വൗച്ചറും അനുബന്ധ രേഖകളും ഫയലിൽ ലഭ്യമല്ല. വാഹനം റിപ്പയർ ചെയ്തത് സംബന്ധിച്ച വിശദവിവരവും വൗച്ചറും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

6. സോളാർ പാനൽ സ്ഥാപിച്ചിട്ടും - വൈദ്യുതി ചാർജിൽ വ്യത്യാസം ഇല്ല .

പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള ചെലവിനത്തിൽ കെ.എസ്.ഇ.ബി.യിൽ III Phase കണക്ഷൻ ഡെപ്പോസിറ്റ് ചാർജായി 10092/- രൂപയും (വൗച്ചർ നം.273/26.6.19) കണക്ഷൻ ചാർജായി 6600/- രൂപയും (വൗച്ചർ നം.287/29.6.19 ) ഇൻസ്റ്റലേഷൻ ചാർജ് (മെറ്റീരിയൽ കോസ്റ്റ് & ലേബർ ചാർജ്) ഇനത്തിൽ 18003/- രൂപയും (വൗച്ചർ നം.354/9.7.19 ) ചെലവഴിച്ചിട്ടുണ്ട്. സോളാർ പാനൽ സ്ഥാപിക്കുന്നതിനുമുമ്പ് ഓഫീസിലെ കറണ്ട് ചാർജ് 3000/- രൂപയിൽ കൂടുതലും പഞ്ചായത്ത് കോമ്പൗണ്ടിലെ കെട്ടിടത്തിന്റെ കറണ്ട് ചാർജ് 7000/- രൂപയിൽ കൂടുതലുമായിരുന്നു. എന്നാൽ അതിനുശേഷവും പഞ്ചായത്ത് ഓഫീസിലെയും അനുബന്ധ കെട്ടിടങ്ങളിലെയും വൈദ്യുതി ചാർജിനത്തിൽ കുറവ് വന്നതായി കാണുന്നില്ല. സോളാർ പാനൽ സ്ഥാപിച്ചതിനുശേഷം പഞ്ചായത്തിന് വൈദ്യുതി ചാർജിനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലോ വൈദ്യുതി ചാർജ്ജ് അടവാക്കിയത് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ഈ വിഷയങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.8/14.2.22) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-31 ഐ.കെ.എം. വിഹിതം നൽകൽ(പ്രോജക്ട് നമ്പർ - S0001/20)-തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിക്കായി ബിൽ നം.5/19-20/24.6.19 പ്രകാരം വികസനഫണ്ടിൽ നിന്നും 98710/- രൂപ പിൻവലിച്ച് ഐ.കെ.എം ന്റെ 57047023512 എന്ന എസ്.ബി.ഐ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ടി. തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതു വരെ ടി. പദ്ധതിക്കായി നൽകിയ 98710/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ഭൂമി വിട്ടുനല്കുന്നതിനായുള്ള അപേക്ഷ- തുടർനടപടി സ്വീകരിക്കാത്തത് സംബന്ധിച്ച്.

പ്രോജക്ടിന്റെ പേര്: മുരിങ്ങനേഴത്ത് കൈതാത്തുചിറ റോഡ് ഫോർമേഷൻ

പ്രോജക്ട് നം: 191

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ്: 285000/-രൂപ

ചെലവ് : 284234/-രൂപ (ട്രഷറി ബിൽ നം.4 തീ.11.07.2019)

ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മുരിങ്ങനേഴത്ത് കൈതാത്തുചിറ റോഡ് ഫോർമേഷൻ എന്ന പദ്ധതിയിലുൾപ്പെടുത്തി പുതുതായി നിർമിക്കുന്ന റോഡ് കടന്നു പോകുന്ന വസ്തു ഉടമകളിൽ നിന്നും ഭൂമി വിട്ടുനല്കുന്നതിനായുള്ള അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ലഭിച്ച അപേക്ഷകൾ 1958-ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് ആക്ട് പ്രകാരം ആർ.ഡി.ഒ-യ്ക്ക് സമർപ്പിച്ചതായോ തദനുസരണമായ ഉത്തരവുകൾ നേടിയെടുത്തതായൊ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ പദ്ധതികൾക്കായി വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ പേരിൽ കൂട്ടിചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണ കുറിപ്പിന് (നം.17 തീ.16.02.2022 ) മറുപടി ലഭ്യമാക്കിയില്ല.

## 1-33 ടോയ്‌ലെറ്റ് കോംപ്ലക്സ് ക്ലീനിംങ്ങ് - അധിക നിരക്ക് നല്കുന്നത് സംബന്ധിച്ച്

5.3.2019 ലെ 1/4നമ്പർ കമ്മിറ്റി തീരുമാനപ്രകാരം 2019-20 വർഷത്തേക്ക് പഞ്ചായത്ത് ടോയ്‌ലെറ്റ് കോംപ്ലക്സ്, തവണക്കടവ് ടോയ്‌ലെറ്റ് കോംപ്ലക്സ് എന്നിവ ക്ലീൻ ചെയ്യുന്നതിന് എറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കുറ്റിയാഞ്ഞിലിക്കൽ മാധവി എന്ന വ്യക്തിക്ക് പ്രതിദിനം ഒന്നിന് 100/- രൂപ നിരക്കിൽ രണ്ടെണ്ണത്തിന് 200/- രൂപ നിരക്ക് നിശ്ചയിച്ച് നല്കിയിരുന്നു. എന്നാൽ 2019 ഏപ്രിൽ മുതൽ ടിയാൾക്ക് പ്രതിദിനം 275/- രൂപയാണ് നല്കി വരുന്നത്. 2019-20 സാമ്പത്തികവർഷം ആകെ അധികം നല്കിയത് 75 X 365 = 27375/-രൂപ. അധികം നല്കിയ വേതനം തിരികെ ഈടാക്കേണ്ടതാണ്.

പൊതു അവധി ദിവസങ്ങളിൽ പഞ്ചായത്ത് ഓഫീസ് തുറക്കുന്നില്ലെങ്കിലും എല്ലാ മാസവും മുഴുവൻ ദിവസങ്ങളിലെയും തുക നല്കിവരുന്നുണ്ട്. ഞായർ, രണ്ടാം ശനി, പൊതു അവധി ദിനങ്ങൾ എന്നിങ്ങനെ ഏകദേശം 70 അവധി ദിനങ്ങളെങ്കിലും പ്രതിവർഷം വരുന്നുണ്ട്. അവധി ദിനങ്ങളിൽ പഞ്ചായത്ത് ടോയ്‌ലെറ്റ് വൃത്തിയാക്കി എന്ന് കാണിച്ച് നല്കിയ വേതനവും കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

കൂടാതെ മറ്റു സ്ഥലങ്ങളിലുള്ള ടോയ്‌ലെറ്റ് കോംപ്ലക്സുകൾ ക്ലീൻ ചെയ്യുന്നതിനായി 30 ദിവസമുള്ള മാസങ്ങളിലും 31 ദിവസത്തെ വേതനവും നല്കുന്നുണ്ട്.

ഉദാ.- വൗച്ചർ നം.21900121/6.5.19 – ഏപ്രിൽ മാസത്തെ വേതനം നല്കിയത് - 3100/-

മേൽ വിഷയങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.8/14.2.22) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-34 ബാരൽ വില ഈടാക്കിയില്ല- പഞ്ചായത്തിന് നഷ്ടം

2019-20 സാമ്പത്തിക വർഷം ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 281/-രൂപ ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | കോൺട്രാക്ടറുടെ പേര് | ഈടാക്കേണ്ടിയിരുന്ന തുക | ചെലവ്<br>ട്രഷറി ബിൽ നം. /തീയതി/ തുക |
|---|---|---|---|---|
| 1 | 79/2020 പുഷ്പമംഗലം കായൽ റോഡ് ടാറിംഗ് | വി.ഒ.ജോസഫ് | 2248/-രൂപ (8ബാരൽx281) | 399807<br>(1.ട്രഷറി ബിൽ നം.21 തീ.18.01.2020-365000/-രൂപ<br>2.ചെക്ക് നം.162087 തീ.31.03.2020 -34807/-രൂപ) |
| 2 | 74/2020 എൻ.എസ്.എസ് കോളേജ് പത്മപുരം | വി.ഒ.ജോസഫ് | 2529/-രൂപ (9ബാരൽx281) | 345858<br>(1.ട്രഷറി ബിൽ നം.18 തീ.18.01.2020-265000/-രൂപ |

| | | | | |
|---|---|---|---|---|
| | റോഡ് ടാറിംഗ് | | | 2.ട്രഷറി ബിൽ നം.19 തീ.18.01.2020-50000/-രൂപ<br>3.ചെക്ക് നം.162088 തീ.31.03.2020 -30858/-രൂപ) |
| 3 | 54/20കൃഷിഭവൻ ഗിരിജൻ കോളനി റോഡ് മെറ്റലിംഗ് ,ടാറിംഗ് | പി.പങ്കജാക്ഷൻ പിള്ള | 1405/-രൂപ (5ബാരൽx281) | 299122<br>(1.ട്രഷറി ബിൽ നം.22 തീ.18.01.2020-260000/-രൂപ<br>2.ചെക്ക് നം.162086 തീ.31.03.2020-39122/-രൂപ) |
| 4 | 187/20കൃഷിഭവൻ ഗിരിജൻ കോളനി റോഡ് ടാറിംഗ് | ജിനോയ് വർഗീസ് | 1405/-രൂപ (5ബാരൽx281) | 100718/-രൂപ<br>(1.ട്രഷറി ബിൽ നം.3 തീ.11.07.2019) |
| 5 | 57/20 പി.എസ്.എച്ച്.എസ് ശാസ്താംകുളം റോഡ് ടാറിംഗ് | പി.പങ്കജാക്ഷൻ പിള്ള | 1124/-രൂപ (4 ബാരൽx281) | 248909/-രൂപ<br>(1.ട്രഷറി ബിൽ നം.23 തീ.18.01.2020-220000/-രൂപ<br>2.ചെക്ക് നം.162089 തീ.31.03.2020-28909/-രൂപ) |
| 6 | 207/20 എം.സി.എഫ് റോഡ് ടാറിംഗ് | വി.ഒ.ജോസഫ് | 1686/-രൂപ (6 ബാരൽx281) | 376140/-രൂപ<br>(1.ട്രഷറി ബിൽ നം.20 തീ.31.01.2020) |
| | | ആകെ | 10397/- | |

മേൽ പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 10397/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17 തീ.16.02.2022)മറുപടി ലഭ്യമാക്കിയില്ല. ടി തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-35 ഓഡിറ്റ് ഇംപാക്ട് - രസീത് പിരിവിലെ അപാകതകൾ - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് തുക അടവാക്കി.

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ രസീത് പരിശോധനയിൽ കണ്ട അപാകതകൾ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് തുക അടവാക്കി പരിഹരിച്ചിട്ടുണ്ട്.

1. രസീത് നം. 3847-64/7.3.20 പ്രകാരം 1340/-രൂപയ്ക്ക് രസീത് എഴുതിയിരുന്നെങ്കിലും ക്യാൻസൽ ചെയ്തിരിക്കുന്നു. ആയതിന്റെ പകർപ്പ് അസ്സലിനൊപ്പം ലഭ്യമല്ല. 65, 66 രസീതുകളും ക്യാൻസൽ ചെയ്തിരിക്കുന്നു. ക്യാൻസൽ ചെയ്ത രസീതുകളൊന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയത് സംബന്ധിച്ച് ഓഡിറ്റന്വേഷണം (നം.11/10.2.22 ) നല്കിയതിനെത്തുടർന്ന് 17.2.22 ൽ പഞ്ചായത്തിൽ 1340/- രൂപ അടവാക്കിയിട്ടുണ്ട് ( രസീത് നം.1210102707).

2. രസീത് ബുക്ക് നം. 3868 ലെ രസീത് നം. 88/31.3.21 പ്രകാരം 274/-(125+149) രൂപയാണ് പിരിച്ചിരിക്കുന്നതെങ്കിലും 149/-രൂപയാണ് പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത്. ആയത് സംബന്ധിച്ച് ഓഡിറ്റിൽ നേരിട്ട് അന്വേഷിച്ചതിനെത്തുടർന്ന് ഓഡിറ്റ് തീയതിയിൽ (9.2.22) പഞ്ചായത്തിൽ 125/- രൂപ അടവാക്കിയിട്ടുണ്ട് ( രസീത് നം.1210102629).

# ഭാഗം -2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തു നികുതി നിർണയം - കെട്ടിടത്തിന് ബാധകമല്ലാത്ത ഇളവ് നല്കി-അടിസ്ഥാന വസ്തു നികുതിയിൽ കുറവ്

താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതികൾ നിർണ്ണയിച്ചതിലെ അപാകത മൂലം പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിടയുടമയുടെ പേര് | കെട്ടിട നം. | അപാകത |
|---|---|---|
| അനീഷ് എം വി,<br>നീലിമ അപ്പക്കുട്ടൻ, മാവുങ്കൽ | IX / 390 A | ടി കെട്ടിടങ്ങൾ പഞ്ചായത്തിന്റെ പ്രഥമ മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. IX / 390 A എന്ന കെട്ടിടം മാത്രമാണ് പ്രഥമ മേഖല എന്ന് രേഖപ്പെടുത്തി നിർണയിച്ചിട്ടുള്ളത്. പാർപ്പിടാവശ്യത്തിന് നിർണയിച്ച IX / 390 B ( 158 . 32എം2 ), സ്വകാര്യ ഹോംസ്റ്റേ എന്ന് രേഖപ്പെടുത്തി നിർണയിച്ച IX / 390 C ( 117 .32 എം2 ) കെട്ടിടങ്ങൾ ദ്വിതീയ മേഖലയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി നികുതിയിൽ 10% ഇളവ് നല്കി. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 25 തീയതി-17.02.2022) ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ,ടി കെട്ടിടങ്ങൾക്ക് നല്കിയ ഇളവ് (മേഖലാടിസ്ഥാനത്തിൽ) തുകകളായ 96 രൂപ (നം.IX / 390 B എന്ന കെട്ടിടത്തിന് ബാധകമായത്), 704/-രൂപ (നം.IX / 390 C എന്ന കെട്ടിടത്തിന് ബാധകമായത്) എന്നീ തുകകൾ ചേർത്ത് പുതുക്കി നിർണയിച്ച് തുക (800/-രൂപ) തിരികെ ഈടാക്കേണ്ടതാണ്. |
| | | IX / 390 B | |
| | | IX / 390 C | |

## 2-2 ഡി. & ഒ. ലൈസൻസ് ഫീ കുറവ് ഈടാക്കി.

ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| അപേക്ഷകൻ /കെട്ടിട നം. | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| സദാം ലത്തീഫ്, മെ. റഹാ എക്സ്പോർട്സ് | 119030102814/ 10.2.19 | 10000 | 4000 | 6000 |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഫയൽ നം.PCB/ALP/UCE-1760 /2019/8.2.19 പ്രകാരം മൂലധന നിക്ഷേപം 784.14 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 22/16.2.22) മറുപടി ലഭ്യമാക്കിയില്ല. മതിയായ വിശദീകരണം നൽകാത്ത പക്ഷം, കുറവ് വന്ന 6000/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 മോട്ടോർ റണ്ണിംഗ് ഫീ കുറവ് ഈടാക്കി.

യന്ത്രശക്തി ഉപയോഗിക്കുന്ന ഡി & ഒ. ലൈസൻസ് അപേക്ഷകരിൽ നിന്നും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം – 18, 19 പട്ടിക III പ്രകാരം മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കാത്തതായോ കുറവ് ഈടാക്കിയതായോ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകൻ | രസീത് നം. | ഉപയോഗിക്കുന്ന എച്ച്.പി. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 306 | അനിൽകുമാർ പി.സി. മാക്സ്ഫീൽഡ് റബ്ബർ പ്രോഡക്ട്സ് | 119030500014/ 9.5.19 | 134KVA= 143 HP | 2000 | 1000 | 1000 |
| 2 | 369 | സദാം ലത്തീഫ് മെ. റഹ എക്സ്പോർട്സ് | 119030102814/ 10.2.19 | 320 HP | 3200 | 2000 | 1200 |
| | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഫയൽ നം.PCB/ALP/UCE-1760/2019/8.2.19 പ്രകാരമുള്ള ലൈസൻസിൽ HP 320 ആണ്. | | | | | | |
| 3 | 208 | സി.എ.ഷാജഹാൻ കൊച്ചിൻ പോളിമേഴ്സ് (പ്രൈ).ലിമിറ്റഡ് | 119030104389/ 22.3.19 | 180HP | 2000 | 900 | 1100 |
| 4 | 209 | രാജേഷ് സി. കാബിൻ ഫുട്കെയർ | 118030500102/ 22.3.19 | 93.9 HP | 1000 | 500 | 500 |
| 5 | 234 | എം.നിസാം പ്രീമിയർ മറൈൻ ഫുഡ്സ് | 118030500094/ 27.2.19 | 500HP | 5000 | 3000 | 2000 |
| 6 | 243 | സഖിയ അബ്ബാസ് ക്രസന്റ് ഫ്ലക്സിപാക് | 118030500110/ 28.3.19 | 195KW= 261HP | 2610 | 1500 | 1110 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | 83 | റാണി മാമച്ചൻ ഫ്ലവർമിൽ | 103958/8.3.19 | 10HP | 100 | -- | 100 |
| 8 | 91 | ബാബു തോമസ് ഫ്ലവർമിൽ | 103974/8.3.19 | 10HP | 100 | -- | 100 |
| 9 | 186 | മനോജ്കുമാർ വി.എ. ഇൻഫ്ര എലവേറ്റേഴ്സ് | 500105/26.3.19 | 248HP | 2480 | 1500 | 980 |
| | 2018-19 ൽ നല്കിയിരിക്കുന്ന ലൈസൻസിൽ (നം.237/18-19/8.11.18) 248 HP എന്നാണ് കാണിച്ചിരിക്കുന്നത്. | | | | | | |
| | ആകെ -8090 | | | | | | |

ഈടാക്കുവാനുള്ള മോട്ടോർ റണ്ണിംഗ് ഫീസ് 8090/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വ്യവസായത്തിനുള്ളവ - കൈത്തറി ഷെഡ് , കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി നിർണയിച്ച കെട്ടിടത്തിന് ഭവന പുനരുദ്ധാരണത്തിനുള്ള ധന സഹായം നല്കി

| | |
|---|---|
| പ്രോജക്ട് നം./ പേര് | 99/2019-20, ഭവന പുനരുദ്ധാരണം (ജനറൽ) |
| അടങ്കൽ | വികസന ഫണ്ട്( ജനറൽ )- 17,00,000 |
| ചെലവ് | 11,20,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ , ഒറ്റപ്പന |

പദ്ധതി പ്രകാരം 56 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനുള്ള ആനുകൂല്യം നൽകിയതിൽ ധന സഹായം കൈപ്പറ്റിയ ഗോപി, പുന്നാറ്റു കോളനി , പള്ളിപ്പുറം എന്ന വ്യക്തിയുടെ അപേക്ഷയിൻമേൽ കൊടുത്തിരിക്കുന്ന കെട്ടിടം വ്യവസായത്തിനുള്ളവ - കൈത്തറി ഷെഡ് , കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി നിർണയിച്ച കെട്ടിടമാണ്. ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ള രേഖകളിൽ ടി കെട്ടിടത്തിന്റെ നിർണയ വിവരങ്ങൾ (സഞ്ചയ ഡാറ്റാ ബേസിൽ നിന്നും ലഭ്യമായത്) സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. ടി വ്യക്തിക്ക് ധനസഹായം നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/14.02.22) ലഭ്യമാക്കിയ മറുപടിയിൽ, സർവീസിൽ ഇടക്കക്കാരിയായതിനാലും വി ഇ ഒ ട്രെയിനിംഗ് പൂർത്തിയാക്കാതെ പദ്ധതി നിർവഹണം നടത്തേണ്ടി വന്നതു മൂലമുണ്ടായ വീഴ്ചയാണെന്നമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ , ടി ഗുണഭോക്താവിന് നല്കിയ 20,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

### 3-2 ഭവന പുനരുദ്ധാരണം (എസ് . സി )- ഉത്തരവ് പാലിക്കാതെ തുക നല്കി- നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം./ പേര് | 92/2019-20 ,<br>വീട് വാസ യോഗ്യമാക്കൽ (പട്ടിക ജാതി) |
| അടങ്കൽ | വികസന ഫണ്ട്(എസ്.സി.പി)-<br>33,67,647 |
| ചെലവ് | 28,50,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, തിരുനെല്ലൂർ |

സർക്കാർ ഉത്തരവ് കൈ നം. 22/ 2018/ ത.സ്വ.ഭ.വ തീയതി 14.02.2018, 6.7.6 പ്രകാരം പുതിയ വീട് നിർമ്മിച്ച് 08 വർഷം കഴിഞ്ഞതിനു ശേഷമേ ഭവന പുനരുദ്ധാരണത്തിനുള്ള ധനസഹായത്തിന് ഗുണഭോക്താവിന് അർഹതയുള്ളു. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയിൽ കൊടുത്തിരിക്കുന്ന കെട്ടിട നമ്പർ , സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം 08 വർഷം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | കൈപ്പറ്റിയ ധനസഹായം | ബിൽ നം. / തീയതി | ഗുണഭോക്താവിന്റെ പേര്,മേലിവിലാസം ബാങ്ക് | കെട്ടിട നം. | സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം നികുതി നിർണയിച്ച വർഷം |
|---|---|---|---|---|---|
| 1 | 1,00,000 | 19060752016200571004 /16.09.19 19060752016201476939 /12.01.20 | ശശി , പുന്നത്താഴെ നികർത്ത് | I / 215 A | 2014 ഒന്നാം അർദ്ധവർഷം |
| 2 | 1,00,000 | 19060752016200571004 /16.09.19 19060752016201476939 /12.01.20 | ജയമ്മ മഠത്തിൽ പറമ്പിൽചിറ | I / 250 A | 2018 ഒന്നാം അർദ്ധവർഷം |
| 3 | 1,00,000 | 19060752016200571004 /16.09.19 | ശാരദ , പുന്നാറ്റ് ഹരിജൻ കോളനി | II /137A | 2017 രണ്ടാം അർദ്ധവർഷം |
| 4 | 1,00,000 | 19060752016200571004 /16.09.19 | രാധാമണി , നികർത്തിൽ , തിരിന്നല്ലൂർ | XIII / 89 | 2017 ഒന്നാം അർദ്ധവർഷം |
| 5. | 1,00,000 | 19060752016200571004 /16.09.19 | കമല പി കെ പുതുവൽ നികർത്ത് | XII / 200 | സഞ്ചയയിൽ ടി നമ്പറിൽകെട്ടിടം നിലനില്ക്കുന്നില്ല |
| 6. | 1,00,000 | 19060752016200571004 /16.09.19 | സിന്ധു വി പി തൈക്കാട്ടു ലക്ഷം വീട് | VI / 218 A | 2015 ഒന്നാം അർദ്ധവർഷം |
| 7 | 1,00,000 | 19060752016201476939 /12.01.20 | സുരേന്ദ്രൻ ആർ ചേന്നനാട്ട്ചിറ | VII / 297A | 2015 ഒന്നാം അർദ്ധവർഷം |
| 8 | 1,00,000 | 19060752016201476939 /12.01.20 | ഓമനക്കുട്ടൻ , കരിമഠത്തിൽ | X/493 | സഞ്ചയയിൽ ടി നമ്പറിൽകെട്ടിടം നിലനില്ക്കുന്നില്ല |

ഇപ്രകാരം അനർഹർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് ഇപ്രകാരം അനർഹർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/14.02.22) പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി തന്ന കാലപ്പഴക്ക സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഭവനപുനരുദ്ധാരണ ആനുകൂല്യം നല്കിയത് എന്നും, സഞ്ചയ ലോഗിൻ പരിശോധിക്കുവാൻ വി ഇ ഒ യ്ക്ക് അധികാരംഇല്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിനാൽ, ടി മറുപടി ഓഡിറ്റിൽ അംഗീകരിയ്ക്കുന്നു. നിർവഹണ ഉദ്യോഗസ്ഥന് യഥാർത്ഥ വിവരങ്ങൾ ( സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ളത്) കൈമാറാതിരുന്ന സെക്രട്ടറിയുടെ നടപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ, ടി ചെലവ് തുക (8,00,000/-രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 ഭവന പുനരുദ്ധാരണം(ജനറൽ)

| | |
|---|---|
| പ്രോജക്ട് നം./ പേര് | 99/2019-20, ഭവന പുനരുദ്ധാരണം (ജനറൽ) |

| | |
|---|---|
| അടങ്കല് | വികസന ഫണ്ട്( ജനറൽ )- 17,00,000 |
| ചെലവ് | 11,20,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ , തിരുനെല്ലൂർ |

സർക്കാർ ഉത്തരവ് കൈ നം. 22/ 2018/ ത.സ്വ.ഭ.വ തീയതി 14.02.2018, 6.7.6 പ്രകാരം പുതിയ വീട് നിർമ്മിച്ച് 8 വർഷം കഴിഞ്ഞതിന ശേഷമേ ഭവന പുനരുദ്ധാരണത്തിനുള്ള ധനസഹായത്തിന് ഗുണഭോക്താവിന് അർഹതയുള്ളൂ. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ പ്രകാരം കൊടുത്തിരിക്കുന്ന കെട്ടിട നമ്പർ , സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങൾ എന്നിവ പ്രകാരം ടി ഭവനങ്ങൾ നിർമ്മിച്ചതിനശേഷം 8 വർഷം പൂർത്തിയായിട്ടില്ല എന്ന കാണുന്നു

| ക്രമ നം | ചെക്ക് നം, തീയതി, തുക | കൈപ്പറ്റിയ ധനസഹായം | ഗുണഭോക്താവിന്റെ പേര്,മേലിവിലാസം | കെട്ടിട നം. | സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം നികുതി നിർണയിച്ച വർഷം |
|---|---|---|---|---|---|
| 1 | | 20000 | സുധർമ്മ , തൈച്ചിറ പള്ളിപ്പുറം പി ഒ | I /517A | 2016 ഒന്നാം അർദ്ധവർഷം നിർണയിച്ചു |
| 2 | | 20000 | ഹരിദാസൻ പണിയ്ക്കാപറമ്പിൽ , പള്ളിപ്പുറം | 1/ 295 B | സഞ്ചയയിൽ ടി നമ്പറിൽകെട്ടിടം നിലനില്ക്കുന്നില്ല |
| 3 | | 20000 | ബിനി ,കരിയിൽ, തിരുനെല്ലൂര് | XI / 148 A | 2019 ഒന്നാം അർദ്ധവർഷം നിർണയിച്ചു |

ഇപ്രകാരം അനർഹർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയതിന് (നം. തീയതി- ) പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി തന്ന കാലപ്പഴക്ക സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഭവനപുനരുദ്ധാരണ ആനുകൂല്യം നല്കിയത്. സഞ്ചയ ലോഗിൻ പരിശോധിക്കുവാൻ വി ഇ ഒ യ്ക്ക് അധികാരംഇല്ല എന്നുമാണ്. ആയതിനാൽ, ടി മറുപടി ഓഡിറ്റിൽ അംഗീകരിയ്ക്കുന്നു. നിർവഹണ ഉദ്യോഗസ്ഥന് യഥാർത്ഥ വിവരങ്ങൾ ( സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ളത് ) കൈമാറാതിരുന്ന സെക്രട്ടറിയുടെ നടപടി ശരിയല്ല ആയതിനാൽ, ടി ചെലവ് തുക (60,000/-രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു.ഇപ്രകാരം അനർഹർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/14.02.22) പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി തന്ന കാലപ്പഴക്ക സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഭവനപുനരുദ്ധാരണ ആനുകൂല്യം നല്കിയത് എന്നും, സഞ്ചയ ലോഗിൻ പരിശോധിക്കുവാൻ വി ഇ ഒ യ്ക്ക് അധികാരംഇല്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിനാൽ, ടി മറുപടി ഓഡിറ്റിൽ അംഗീകരിയ്ക്കുന്നു. നിർവഹണ ഉദ്യോഗസ്ഥന് യഥാർത്ഥ വിവരങ്ങൾ ( സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ളത് ) കൈമാറാതിരുന്ന സെക്രട്ടറിയുടെ നടപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ, ടി ചെലവ് തുക (60,000/-രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 വാഹനങ്ങൾക്ക് ഇന്ധനം- ഉത്തരവിലെ ഉൾപ്പെടാത്ത ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു

എസ് 0023/20

അടങ്കൽ- 1,50,000/-(തനത് ഫണ്ട്)

ചെലവ്- 1,44,288/- ( ചെക്ക് നം.- , തീയതി)

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ വാഹനങ്ങൾക്ക് ഇന്ധനം എന്ന പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ , പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഗവ. എൽ. പി . എസ് , തിരുനെല്ലൂർ , ഗവ. എൽ. പി . എസ് , ഒറ്റപ്പന്ന ഗവ. യു . പി . എസ് , പുല്ലുവേലിഭാഗം എന്നീ സ്കൂളുകളിലെ സ്കൂൾ ബസിൽ ഇന്ധനം നിറയ്ക്കുന്നതിനായി യഥാക്രമം 46500/-രൂപ, 55500/- രൂപ, രൂപ, 42288/- 2019-20 വർഷം സർക്കാർ ഉത്തരവ് നം. 14 / 96/ പൊ. വി , തീയതി- 18 .01 .1996 പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിൽനിന്നും കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ അധികാരങ്ങളും പദ്ധതികളും സംബന്ധിച്ച പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം വാഹനങ്ങളുടെ ഇന്ധന ചെലവ് , ഡ്രൈവറുടെ വേതനം , മറ്റ് ആവർത്തന ചെലവുകൾഎന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6 തീയതി-

14.02.2022 ) നല്കിയ മറുപടിയിൽ , ഡി പി സിയും പഞ്ചായത്ത് കമ്മറ്റിയും അംഗീകരിച്ചതിനാലാണ് തുക മാറി നല്കിയതെന്നാണ് . എന്നാൽ ഉത്തരവ് പാലിക്കാതെ നല്കിയ ടി ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ , ചെലവ് തുക (1,44,288/- രൂപ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-5 ടോയ്‌ലെറ്റ് കോപ്ലക്സ് ക്ലീൻ ചെയ്യുന്നതിന് അധികം തുക നൽകി.

5.3.2019 ലെ 1/4നമ്പർ കമ്മിറ്റി തീരുമാനപ്രകാരം 2019-20 വർഷത്തേക്ക് പഞ്ചായത്ത് ടോയ്‌ലെറ്റ് കോംപ്ലക്സ്, തവണക്കടവ് ടോയ്‌ലെറ്റ് കോപ്ലക്സ് എന്നിവ ക്ലീൻ ചെയ്യുന്നതിന് എറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കുറ്റിയഞ്ഞിലിക്കൽ മാധവി എന്ന വ്യക്തിക്ക് പ്രതിദിനം ഒന്നിന് 100/- രൂപ നിരക്കിൽ രണ്ടെണ്ണത്തിന് 200/- രൂപ നിരക്ക് നിശ്ചയിച്ച് നല്കിയിരുന്നു. എന്നാൽ 2019 ഏപ്രിൽ മുതൽ ടിയാൾക്ക് പ്രതിദിനം 275/- രൂപയാണ് നല്കി വരുന്നത്. 2019-20 സാമ്പത്തികവർഷം ആകെ അധികം നല്കിയത് 75 X 365 = 27375/-രൂപ. അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

പൊതു അവധി ദിവസങ്ങളിൽ പഞ്ചായത്ത് ഓഫീസ് തുറക്കുന്നില്ലെങ്കിലും എല്ലാ മാസവും മുഴുവൻ ദിവസങ്ങളിലെയും തുക നല്കിവരുന്നുണ്ട്. ഞായർ, രണ്ടാം ശനി, പൊതു അവധി ദിനങ്ങൾ എന്നിങ്ങനെ ഏകദേശം 70 അവധി ദിനങ്ങളെങ്കിലും പ്രതിവർഷം വരുന്നുണ്ട്. അവധി ദിനങ്ങളിൽ പഞ്ചായത്ത് ടോയ്‌ലെറ്റ് വൃത്തിയാക്കി എന്ന് കാണിച്ച് നല്കിയ വേതനവും കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

കൂടാതെ മറ്റു സ്ഥലങ്ങളിലുള്ള ടോയ്‌ലെറ്റ് കോംപ്ലക്സുകൾ ക്ലീൻ ചെയ്യുന്നതിനായി 30 ദിവസമുള്ള മാസങ്ങളിലും 31 ദിവസത്തെ വേതനവും നല്കുന്നുണ്ട്.

ഉദാ.- വൗച്ചർ നം.21900121/6.5.19 – ഏപ്രിൽ മാസത്തെ വേതനം നല്കിയത് - 3100/-

മേൽ വിഷയങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.8/14.2.22) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-6 ബാരൽ വില ഈടാക്കിയില്ല- പഞ്ചായത്തിന് നഷ്ടം

2019-20 സാമ്പത്തിക വർഷം ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 281/-രൂപ ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | കോൺട്രാക്ടറുടെ പേര് | ഈടാക്കേണ്ടിയിരുന്ന തുക | ചെലവ്<br>ട്രഷറി ബിൽ നം. /തീയതി/ തുക |
|---|---|---|---|---|
| 1 | 79/2020 പുഷ്പമംഗലം കായൽ റോഡ് ടാറിംഗ് | വി.ഒ.ജോസഫ് | 2248/-രൂപ (8ബാരൽx281) | 399807<br>(1.ട്രഷറി ബിൽ നം.21 തീ.18.01.2020-365000/-രൂപ<br>2.ചെക്ക് നം.162087 തീ.31.03.2020 -34807/-രൂപ) |
| 2 | 74/2020 എൻ.എസ്.എസ് കോളേജ് പത്മപുരം റോഡ് ടാറിംഗ് | വി.ഒ.ജോസഫ് | 2529/-രൂപ (9ബാരൽx281) | 345858<br>(1.ട്രഷറി ബിൽ നം.18 തീ.18.01.2020-265000/-രൂപ<br>2.ട്രഷറി ബിൽ നം.19 തീ.18.01.2020-50000/-രൂപ<br>3.ചെക്ക് നം.162088 തീ.31.03.2020 -30858/-രൂപ) |
| 3 | 54/20കൃഷിഭവൻ ഗിരിജൻ കോളനി റോഡ് മെറ്റലിംഗ് ,ടാറിംഗ് | പി.പങ്കജാക്ഷൻ പിള്ള | 1405/-രൂപ (5ബാരൽx281) | 299122<br>(1.ട്രഷറി ബിൽ നം.22 തീ.18.01.2020-260000/-രൂപ<br>2.ചെക്ക് നം.162086 തീ.31.03.2020-39122/-രൂപ) |
| 4 | 187/20കൃഷിഭവൻ ഗിരിജൻ കോളനി റോഡ് ടാറിംഗ് | ജിനോയ് വർഗീസ് | 1405/-രൂപ (5ബാരൽx281) | 100718/-രൂപ<br>(1.ട്രഷറി ബിൽ നം.3 തീ.11.07.2019) |
| 5 | 57/20 പി.എസ്.എച്ച്.എസ് | പി.പങ്കജാക്ഷൻ പിള്ള | 1124/-രൂപ (4 ബാരൽx281) | 248909/-രൂപ<br>(1.ട്രഷറി ബിൽ നം.23 |

| | | | | |
|---|---|---|---|---|
| | ശാസ്താംകുളം റോഡ് ടാറിംഗ് | | | തീ.18.01.2020-220000/-രൂപ 2.ചെക്ക് നം.162089 തീ.31.03.2020-28909/-രൂപ) |
| 6 | 207/20 എം.സി.എഫ് റോഡ് ടാറിംഗ് | വി.ഒ.ജോസഫ് | 1686/-രൂപ (6 ബാരൽx281) | 376140/-രൂപ (1.ട്രഷറി ബിൽ നം.20 തീ.31.01.2020) |
| | | ആകെ | 10397/- | |

മേൽ പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 10397/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17 തീ.16.02.2022)മറുപടി ലഭ്യമാക്കിയില്ല. ടി തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4534 | പാലിയേറ്റീവ് കെയർ | 4534 | |
| | 2019-20 | 160000 | പാലിയേറ്റീവ് കെയർ | 160000 | |
| | 2018-19 | 111000 | ലൈഫ് ഭവന പദ്ധതി | 111000 | |
| | 2019-20 | 1736100 | ലൈഫ് ഭവന പദ്ധതി | 1736100 | |
| | 2019-20 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | |
| | 2019-20 | 1300000 | ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി | 1300000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 580000 | അനുപൂരക പോഷകാഹാരം | 580000 | |
| | 2018-19 | 2636200 | ലൈഫ് ഭവന പദ്ധതി | 2636200 | |
| | 2019-20 | 4815520 | ലൈഫ് ഭവന പദ്ധതി | 4815520 | |
| | 2019-20 | 459138 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 459138 | |
| | 2019-20 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 400000 | |
| | 2019-20 | 81474 | അനുപൂരക പോഷകാഹാരം | 81474 | |
| | | 863961 | പാനമുറി | 863961 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./ തീ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ താഴ്ത്തി സ്ഥാപിക്കൽ | | 72000 | 71051 | 949 |
| കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് | പള്ളിച്ചന്ത കടവിൽ റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901463/14.10.2019<br>21901494/30.11.2019 | 100000 | | 100000 |
| | പി.എസ്.എച്ച്.എസ് - ശാസ്താംകുളം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901464/14.10.2019<br>21901495/30.11.2019 | 100000 | | 100000 |
| | കന്നേവെളി വലിയകുളം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901465/14.10.2019<br>21901502/30.11.2019 | 65876 | | 65876 |
| | തളിയാടി വെളി റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901466/14.10.2019<br>21901496/30.11.2019 | 63592 | | 63592 |
| | പുത്തൻകേരി കണ്ടത്തിൽ സ്ട്രീറ്റ് ലൈൻ | 21901468/14.10.2019<br>21901497/30.11.2019 | 99721 | | 99721 |
| | കോപ്പുഴ - വാരമംഗലം സ്ട്രീറ്റ് ലൈൻ | 21901469/14.10.2019<br>21901498/30.11.2019 | 54988 | | 54988 |
| | കണ്ണാങ്കരി തോട്ടുകരി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901493/30.11.2019 | 74986 | | 74986 |
| | കൃഷിഭവൻ ഗിരിജൻ കോളനി റോഡ് സ്ട്രീറ്റ് ലൈൻ | 21901467/14.10.2019<br>21901499/30.11.2019 | 100000 | | 100000 |
| | തമ്പുരാങ്കൽ - കൃഷിഭവൻ സ്ട്രീറ്റ് ലൈൻ | 21901470/14.10.2019<br>21901500/30.11.2019 | 99975 | | 99975 |
| | കാർഗിൽ ജംഗ്ഷൻ കരിപ്പാടത്ത് സ്ട്രീറ്റ് ലൈൻ | 21901471/14.10.2019<br>21901501/30.11.2019 | 200000 | | 200000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 11120000/-രൂപ വരവുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| HUDCO | G.O(MS)No.2278/LSGD Dtd 18.08.2018 | 11120000 | 58615865 | 4632353 | 0 | 65103512 | - |

വാർഷിക കണക്കിലും ലോൺ രജിസ്റ്ററിലും വായ്പാ തിരിച്ചടവിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 2301470/-രൂപയാണ്. എന്നാൽ തൻവർഷം വികസന ഫണ്ടിനത്തിൽ അനുവദിച്ച തുകയിൽ നിന്നും ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിനത്തിൽ ആകെ സോഴ്സിൽ നിന്നും കുറവ് ചെയ്തിരിക്കുന്ന തുക 4632353/-രൂപയാണ്. ആയതിനനുസൃതമായാണ് വായ്പാ തിരിച്ചടവും, നീക്കിയിരിപ്പും കണക്കാക്കിയിരിക്കുന്നത്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 51811/- രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രസീത് നം. |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ഉദ്യോഗപ്പേരും | തീയ്യതി |
|---|---|---|---|---|
| 2015-2016 | 2-2(1) | 2500 | മാനേജർ,ഡ്രീം ലാൻഡ് ലോഡ്ജ് | 119030102605 Dtd 27.11.2019 |
| 2015-2016 | 2-2(1) | 1250 | സെക്രട്ടറി , എസ്സിബി 335 | 119030102473 Dtd 16.11.2019 |
| 2017-2018 | 2-5 | 1000 | ചോഴിക്കാട്ട് ഫ്യൂവൽസ് | 119030100256 Dtd 02.05.2019 |
| 2015-2016 | 2-2(1) | 16800 | ടെഗ്നേഷ്യ സോഫ്റ്റ് വെയർ പ്രൈവറ്റ് ലിമിറ്റഡ് | 119030500017 Dtd 06.06.2019 |
| 2013-2014 | 3-3 | 14091 | സുരേഷ്കുമാർ.എസ്,എക്സിക്യൂട്ടീവ് എഞ്ചിനിയർ | 119030101206 Dtd 02.09.2019 |
| 2015-2016 | 2(2)-1 | 1030 | ശ്രീഭദ്ര ഇംഗ്ലീഷ് മീഡിയം സ്കൂൾ | 119030102343 Dtd 11.11.2019 |
| 2015-2016 | 2(2)-1 | 1030 | ശ്രീഭദ്ര ഇംഗ്ലീഷ് മീഡിയം സ്കൂൾ | 119030102343 Dtd 11.11.2019 |
| 2015-2016 | 2(2)-1 | 1812 | മാനേജർ ,പി.എൻ.ബി | 119030400012 Dtd 14.11.2019 |
| 2015-2016 | 2(2)-1 | 1250 | HDFC,OTTAPUNNA | 119030500058 Dtd 22.11.2019 |
| 2015-2016 | 2-2(1) | 6048 | ടെഗ്നേഷ്യ സോഫ്റ്റ് വെയർ പ്രൈവറ്റ് ലിമിറ്റഡ് | 119030500017 Dtd 06.06.2019 |
| 2015-2016 | 2(2)-1 | 2500 | ശോഭ പ്രൈവറ്റ് ലിമിറ്റഡ് | 119030101753 Dtd 14.10.2019 |
| 2015-2016 | 2(2)-1 | 2500 | പ്രിൻസിപ്പാൾ,ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജ് | 119030102409 DTD 13.11.2019 |
| | | 51811 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 106947025 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 110056142 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 14890 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1062060 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1270681 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ |
|---|---|---|---|

| നമ്പർ | ചെയ്യാവുന്ന തുക | ചെയ്യാവുന്ന തുക | പേരും ഉദ്യോഗപ്പേരും. |
|---|---|---|---|
| 2-1 | 800 | | ശ്രീമതി.ഗീതാകുമാരി.പി. സെക്രട്ടറി. |
| 2-2 | 6000 | | ശ്രീമതി.ഗീതാകുമാരി.പി. |
| 2-3 | 8090 | | ശ്രീമതി.ഗീതാകുമാരി.പി. സെക്രട്ടറി. |
| 3-1 | | 20000 | ശ്രീമതി. രാജേശ്വരി, വി.ഇ.ഒ, ഒറ്റപ്പന. |
| 3-2 | | 800000 | ശ്രീമതി.ഗീതാകുമാരി.പി. സെക്രട്ടറി. |
| 3-3 | | 60000 | ശ്രീമതി.ഗീതാകുമാരി.പി. സെക്രട്ടറി. |
| 3-4 | | 144288 | വാമനൻ ഹെഡ്മാസ്റ്റർ. |
| 3-5 | | 27375 | ശ്രീമതി.ഗീതാകുമാരി.പി. സെക്രട്ടറി. |
| 3-6 | | 10397 | പ്രസീജ ആർ, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 14890 | 1062060 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|
| 1-14 | 100906 | ശ്രീമതി.ഗീതാകുമാരി.പി. സെക്രട്ടറി |
| 1-23 | 83120 | ശ്രീ.ജെയിംസ്.പി.ജോയി. മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-24 | 959138 | ശ്രീമതി.ഗീതാകുമാരി.പി. സെക്രട്ടറി. |
| 1-30 | 28807 | ശ്രീമതി.ഗീതാകുമാരി.പി. സെക്രട്ടറി. |
| 1-31 | 98710 | ശ്രീമതി.ഗീതാകുമാരി.പി. സെക്രട്ടറി. |
| ആകെ | 1270681 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഗീതാകുമാരി.പി, സെക്രട്ടറി | സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | വൈശാഖം, എസ്.എൻ.പുരം പി.ഒ, ചേർത്തല |
| ശ്രീമതി.ആശാ നായർ. കൃഷിഓഫീസർ. | കൃഷിഓഫീസർ. ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | ആശാഭവൻ, വെസ്റ്റ് ഗേറ്റ്, വൈക്കം. |
| ശ്രീമതി.പ്രസീജ.ആർ, | അസിസ്റ്റന്റ് എൻജിനീയർ | വസുമതിഅമ്മമെമ്മോറിയൽ ബിൽഡിംഗ്, നെട്ടൂമ്പ്രക്കാട്, |

| | | |
|---|---|---|
| | | ചേർത്തല |
| ശ്രീമതി.രാജേശ്വരി. | വകുപ്പിൽ നിന്ന് വിടുതൽ ചെയ്തു | തകിടിവെളി, ചാരമംഗലം, മുഹമ്മ.പി.ഒ |
| ഡോ.ജെയിംസ് പി ജോയ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | പുത്തൻവീട്ടിൽ വീട് അതനിയേടത്ത് റോഡ് പയ്യാട്ടി ലൈൻ വെണ്ണല പി ഒ കൊച്ചി-682028 |
| ശ്രീ.വാമനൻ | വിരമിച്ചു | കരുണ, തൈക്കൽ പി ഒ ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 മുതൽ 2005-06 വരെ | എൽ .എഫ്.ജി.എ 5 -1832/11 തീയതി 20.01.2012 |
| 2006-07 | എൽ .എഫ്..എ16-943/10 തീയതി 18-03-11/31.03.2011 |
| 2007-08 | എൽ .എഫ്..എ16-944/10 തീയതി 18-03-11/31.03.2011 |
| 2008-09 | എൽ .എഫ്.എ.പി-9- 1340/11 തീയതി 18-4-11/03.07.2012 |
| 2009-10 | എൽ .എഫ്.എ.പി-9- 1341/11 തീയതി 18-4-11/03.07.2012 |
| 2010-11 &11-12 | എൽ .എഫ്.എ.പി-9- 20/13 തീയതി 18-02-13/26.06.2013 |
| 2012-13 | എൽ .എഫ്.എ.പി-9- 140/13 തീയതി 01.09.2014 |
| 2013-14 | കെ.എസ്.എ - എ.എൽ.പി പി.9-1570/15 തീയതി 11.12.15/30.12.2015 |
| 2014-15 | കെ.എസ്.എ – എ.എൽ.പി പി.9- 817/2016 തീയതി 27.07.2016 |
| 2015-16 | കെ.എസ്.എ. എ.എൽ.പി പി.9- 306/2016തീയതി 08.12.2016 |
| 2016-17 | കെ.എസ്.എ. എ.എൽ.പി പി.9- 1016/2017 തീയതി 28.07.2017 |
| 2017-18 | കെ.എസ്.എ. എ.എൽ.പി പി.9- 62/2019 തീയതി 10.01.2019 |
| 2018-19 | കെ.എസ്.എ. എ.എൽ.പി പി.9- 771/2019 തീയതി 19.09.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

# അനുബന്ധം-1

# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്